# HOLISTIC HEALING

We are about to cross the 20th century. It is the age of computers and robots, the space age. Brains are being wracked to create new human life. But man also faces setbacks. Indeed, he is helpless to find an answer for the fast growing demon AIDS. Still be does not obtain the poise, the mental peace and the humanism our great grand fathers had. A new effort is put forth for the bolistic living and better health.

Prevention is better than cure, and let us add, less trouble some too. A person fals sick when his defence mechanisms are down, when his vital force is at a low off. It is the vital force which keeps you alive, it is the store house of your physical strength, your vigour, your ebullience and your verve. Maintaining the vital force can keep away diseases. For thar a person has to follow some simple rules regarding sleep, fresh air, sunlight and clear hatrits.

**We have got a devine gift, that is our birth in this earth. But now we are throwing.. this gift into deep depth of danger by neglecting the purity, divinity and beauty of nature.**

Sleep is the best wayn to revitalize the life force. Infants sleep for 20 out of 24 hous, but as they grow do with less sleep, that is , 8 hours. The old adage, 'Early to bed, early to rise, makes you healthy, wealthy and wise'-still holds good because one hour sleep before midnight relaxes you much more than two hours of slumber after midnight can, Relax completely when you compose yourself for sleep.

After sleep, sunlight is the element which helps to restore your vital force. Just as plant will whither away without sunlight, a human being deprived of it will be pale, wan and sickly. Sun light is a must for revitalizing human body. Air is the most important agent for human as well as animal survival. One must keep the living room well vendilated so that fresh air comes in contact with our body at all the day times. In hale deeply a few times before meals and also before sleep. Go out doors as after as possible.

The cheapest and the best cleaning agent-water- is another vital necessity for your life and health. Drink water early in the morning, before going to sleep, one hour before meels and two hours after. Cold water bath gives you a heavenly freshness by activating blood circulation.

The best food is the one taken in the form in which nature provides it. The cardinal point to remember about food is that the longer a food remains in contact with heat, the lesser itsnutritive value.

Mental make-up and health are intimately connected. Anger, frustration, envy, jealosy and violent reactions are as harmful as worry. So keep happy and smiling. Auto-suggestion and self-hypnosis are based on the theory that thinking can lead a better state of health. Also your way of life leaves its imprint on your health. A clear life, free from any kind of addictions, fresh air, exercises and placid temperament will help you stay healthy.

Nature cure believes that every disease is characterised by the accumulation of morbid matter in the body and the elemination of



these morbid matters from body hampers its normal functioning. The expulsion leads to betterment of health and also some loss of weight. This loss of weight is, however, purely temporary and the body rid of foreign matter regains the actual weight. So don't bother about the weight; look to your health and the bodily weight will take care of itself.

Common cold has its own course to run, regardless medication. A wound will heal itself-we have to keep it clear, that's all. And a brocken bone will knit itself. It is the recumpreative power of nature

which must be taken its to ac- count by the physician and pa- tient themselves.

When the natura diet-water, sunlight, fruits an vegetables - is prescribed t deal with an ailment, it helps th body to expel the foreign mat- ters from the various onifices When the foreign matter is too much for the onifices to expel it may ooze out of parts no meant for the expulsion of wast matter. This is the healing ag- gravation of Naturopathy.

Naturopathy be- lieves that the correct approach to eating is that a person shoul 'eat to live' and not 'live to eat' Eating should be a necessar function as breathing is. T make foods looking nice in ap pearance and taste, overboilin flavouring, polishing of ric refining of sugar etc are don but these lead to the destruc tion of their essential food valu A system burdened with u natural foods looses its capa ity to fight against diseases; may become a victim of toxi which show themselves is t form of various diseases.

"YOUR PE SONAL HEALTH IS YOU PERSONAL RESPON IBILITY"

ZEENATH .P. B.

IInd B. Com.

# Islam & Alcohol

**Inebriation is an insult to human dignity. Islam has banned alcoholism of any kind because there is more of evil in it than good. Alcohol and narcotics have become the bane of modern civilization. They offend the very humanity that has been gifted to us. Drugs and drinks are at the basis of individual corruption, family disintegration and social degeneration. There is the story of someone being given an option to be a murderer or a thief or a drunkard. He chose to be a drunkard and while drunk, became a thief and murderer too.**

Of all ideologies and religious in the world Islam stands out for its uncompromis ing stand against alcohol. 1400 years ago Islam declared a total was against alcohol. There can be no compromise with evil and alcohol is Evil.

A formidable enemy stands before us and we must overthrow it. As muslims we cannot be liberal in condemning liquor for the sake of peace and freiendship. A muslim stands for an active ideological struggle.

The Holy Quaran says;

"O you who believe I intoxicants(drinks) and gambling, dedication of stones and divination by arrows, are an abomination of Sathan's handiwork. Eschew such obomi nation that you may prosper".

Satan's plan is to incite enemity and hatred between you, with intoxicants and gambling, and Lindar you from remem brance of Allah and from prayer. <u>Will you then not abstain</u>?

(Ch 5: 94)


<u>The greatest revolutionary, the cham pion for restoring human dignity, the libera tor of mankind, the Holy prophet Mohammed (peace be upon him) said</u> :-

1. "Every drink that intoxicants is prohib ited. Of whatever thing a large Quan tityintoxicantes even a small Quantity is prohibited".

2. "Every intoxicant is unlawful [Haraam]".
3. "Wine is not a medicine But a disease".
4. "Whosoever from among Muslims drin ks that which intoxicates, his prayers num bering 40 are rendered meaning less. If wit h Allah's grace and mercy he seeks pardon there - from, Allah forgives him the sin".
5. "Allah has cursed ten people with regard to intoxicants :-

THE ONE WHO SQUEEZES IT AND HE WHO HAS IT SQUEEZED, HE WHO DRINKS IT AND HE WHO GIVES IT TO ANOTHER TO DRINK; HE WHO CARR IES IT TO SOMEBODY; HE WHO HAS IT BROUGHT TO HIM; HE WHO SELLS IT; HE WHO PURCHASES IT; HE WHO PRESENT IT AS A GIFT AND FINALLY HE WHO BRINGS TO USE THE PROCEEDS THERE FROM".

The above is a very dear warning to muslims by Allah and by Holy prophet. Inspite of this can any muslims dare to take a lenient view on alchol by giving flimry excuses such as business obligations so cial contacts; official necessity etc. Can there be prosperity and happiness built on some thing that has been forbidden by Allah and the Holy Prophet? As muslims can a dare to do anything against Allah's Command in the Quaran to obey this and the Holy Prophet? Has not Allah said that if we obey Him in complete submission we can depend on Him for the reward? The ten types of people (item 5 above) cursed by Allah must send stock Waves to those of our muslim Brothers who take a lenient view about alcohol.




There is a Hadith of the people of Islam how some of his followeres will drink by calling it some other name.

"Some people from any Com munity will take to drink calling it by some other name"(Sunanoo Abi Dawood / Sun anoo Ibu Majab / Sahib Ibni Habbau). This Hadith makes it dear that a change of name does not make prohibited permissible.

It is very strange that inspite of strict prohibition of alchohol in Holy Quaran some of our muslim friends stock liquor at their homes to entertain friends with liquor parties, throw cocktail parties a Motel, attend liquor parties and give liquo botles as present etc- all this to impres people around. Is pleasing Allah mor important or impressing mortals? May Alm ghty Allah guide us all on the right pat "Ihdi nus Sirathul Mustaqeem". (Sura verse 6) Ameen.

"The Hinduism of my conception is no narrow creed. It is a grand evolutionary process and ancient as time, and lubraces the teachings of Zoroaster, Moses, Christ, Mohammed, Nanak and other prophets that I could name".

-Mahathma Gandhi.

The noble edfice of Gandhiji's faith stands on the fondation of Hinduism(enfoldings -Jainism and Buddhism), Islam and Christianity, the three major spiritual currents. His religion if it may be called a relegion, was the religion of truth, of which toleration, non-violence and univ ersal love, are some manifestations. "Religions are different roads", reflects Gandhiji, "Conve rging to the same point", this is "the religion which under lies all religions".

The inluence of Islam on Gandhiji is strinkingly pronounced. He regarded Islam as a religion of peace and toleration. Whatever be the orthodox and obscurantise approach of the Muslim Ullemas, the injunction of the Holy Quran is;

"There is no compulsion in religion, the right direction is here forth distinct from error. And he who rejects false duties and believes in Allah has grasped a firm hold hand which will never break. Allah is Hearer knower,"(2:256)

Thus on the authority of the Holy Quran, the word of God, the hall mark of Islam is toleration; Islam stands for the toleration and sacetious no coupulsion, pressure or coercion on other religion. This is also the Interpretation of Shibili and Maulana Azad too. Islam expects its follower to respect other faiths and their holy places. A scholar and Saint of the stature of Hafiz has sounded a not of corums:

"Hurt no living thus, for the
rest do what you please,
For in our Shari' at there is no
other Sri than this"



# ISLAMIC INFLUENCES ON MAHATHMA GANDHI

**HAFIZUL AZAD. M.A**
III BSc. CHEMISTRY.

[Vide, Desai, Valji Govindji, Glauces At Islam, Navajivan, February,(F., Foot note to p : 14)

Denounis violence illuminated the prophet of Islam once.

"Fear God in respect of these dumb animals, ride them why they are fit to be a ridder and get off when they are tired"

അബ്ദുൾ ഖാദർ എം.
ബി. എ. മലയാളം രണ്ടാം വർഷം

# ജീവിതലക്ഷ്യം തേടി. . . .

അനന്തവും, പ്രവിശാലവുമായ ഈ അണ്ഡ കടാഹത്തിൽ നരവംശവാസമെന്നത് ഒരനിവാര്യനിയോഗമായിരുന്നു. പ്രവിശാലമായ ഭൂമി ചുറ്റിലും സംഗീത സാന്ദ്രമായ അന്തരീക്ഷം, കളകളാരവം പൊഴിച്ച് പ്രവഹിക്കുന്ന പ്രണയിനികളായ മനോഹര നദികൾ; നിഗൂഢതകളുടെ സങ്കേതമായ വാനലോകം. ആകെക്കൂടി മനുഷ്യമനസ്സുകളിൽ ഒരായിരം ചോദ്യങ്ങൾ നാമ്പെടുക്കാൻ മാത്രം പശ്ചാത്തലം. പ്രകൃതിയുടെ ഈ വശ്യമാം, താളമേളലയമാർന്ന കോമളത മർത്യനെ നാൾക്കുനാൾ സുഖാസ്വാദനവസ്തുവാക്കി മാറ്റുകയായിരുന്നു.

നമ്മളെല്ലാം മനുഷ്യർ, നമ്മുടെ തുടക്കവും, ഒടുക്കവും ഒരേ ബിന്ദുവിൽ. മർത്യൻ എന്ന പദത്തിന്റെ അർത്ഥം തന്നെ മരണം നിശ്ചയമായവനെന്നും. പ്രത്യക്ഷത്തിൽ ജീവിതം മരണത്തോടെ കെട്ടടങ്ങുന്നുവെന്ന് കരുതുന്നവരുണ്ട്. ശൈശവം, ബാല്യം, കൗമാരം യൗവ്വനം, വാർധക്യം എന്നീ ഘട്ടങ്ങളിലൂടെ കടന്ന് ജീവിതം മരണത്തിൽ പര്യവസാനിക്കുന്നു. മർത്യജീവിതം മരണത്തിൽ പര്യവസാനിക്കുന്നു. മർത്യജീവിതം ഭൂമിയിൽ അത്യന്തം ഹ്രസ്വമാണ്. ക്ഷണപ്രഭാചഞ്ചലമെന്നോണം അത് വന്നുപോയിക്കൊണ്ടിരിക്കുന്നു. ഈ സന്നിഗ്ദ്ധ ഘട്ടത്തിലാണ് ജീവിതത്തിന്റെ അർത്ഥവും, ലക്ഷ്യവും എന്ത് എന്ന പ്രശ്നമുയർന്നു വരുന്നത്.

അളവറ്റ തലമുറകൾ നമുക്ക് മുമ്പേ കടന്നു പോയി. വിശ്വജേതാക്കളും, സർഗ്ഗധനരുമായ പതിനായിരക്കണക്കിന് മഹാരഥൻമാർ ഇന്നും അജ്ഞാതമാം ശവക്കല്ലറകളിൽ അന്ത്യനിദ്രയിൽ വലയം പ്രാപിച്ചിരിക്കുകയാണ്. നമ്മളെല്ലാം അവരുടെ വഴിത്താരയിലെ പുൽക്കൊടികൾ മാത്രം. മരണമെന്ന മഹാസത്യം കാതങ്ങൾക്കപ്പുറത്ത് നിന്ന് നമ്മെ മാടിവിളിക്കുകയല്ലേ?... ഓരോ ചെറു നിമിഷങ്ങൾ പിന്നിടുമ്പോഴും വാടി, നിറം മങ്ങി, സൗരഭ്യം വിനഷ്ടമായ്, കൊഴിയാൻ പോവുന്ന കുസുമങ്ങളാണ് നാം. നമുക്ക് മുൻപേ പോയവർ ഇവിടെ നിന്ന് എന്തു നേടി? നമുക്ക് എന്തു നേടാനാവും? മനുഷ്യജീവിതം, കാറ്റും കോളും നിറഞ്ഞ പ്രക്ഷുബ്ധമായ ഒരു സാഗരത്തിലെ നൗകയോട് ഉപമിക്കാം. അസ്വസ്ഥതയുടെ, ചുഴലിയിലും, വേദനകളുടെ ചൂടുകാറ്റിലും പെട്ട് ആടിയുലയുകയാണ് ഈ നൗക. സമുദ്രത്തിന്റെ അഗാധതപോലെ മനുഷ്യജീവിതത്തിനും അദൃശ്യമായ ആഴവും അഗാധതയുമുണ്ട്. ലോകത്തുള്ള എല്ലാ മനുഷ്യരും, ഏകകണ്ഠമായി അംഗീകരിച്ച ഒരേയൊരു സത്യം മനുഷ്യന്റെ മരണത്തെയാണ്. മരണത്തിന്റെ മുമ്പിൽ പകച്ച് നില്ക്കാതെ മരണത്തെ പുഞ്ചിരിയോടെ നേരിടാനാവുമോ?

*നമുക്ക്*

*മുമ്പേ പോയവർ*

*ഇവിടെ നിന്ന് എന്തുനേടി?*

*നമുക്ക് എന്ത്*

*നേടാനാവും?*

കലയും സാഹിത്യവുമെല്ലാം വാസ്തവത്തിൽ അനവരതം മരണത്തെ കീഴടക്കാനാവുമോയെന്ന അന്വേഷണ പരീക്ഷണത്തിലാണ്. ആധുനികവും പൗരാണികവുമായ സകല സാഹിത്യങ്ങളിലും ഈ പ്രശ്നം ഗംഭീരമായി പ്രതിപാദിച്ചത് ദർശനീയമാണ്. What is the Problem of Finality? എന്ന ചോദ്യത്തിന്റെ ഉത്തരം Death അഥവാ 'മൃത്യു' എന്ന് സാഹിത്യകാരൻമാർ മറുപടി പറഞ്ഞു കഴിഞ്ഞു. ഏറ്റവും പരമമായ അന്ത്യപ്രശ്നം മരണമാണെന്നറിഞ്ഞിട്ടും, അതിനെ കീഴടക്കാനുള്ള വ്യാമോഹവുമായി മനുഷ്യൻ പലവഴിക്ക് പലമാതിരി പരതി നടക്കുന്നു.

മനുഷ്യന്റെ ജീവനാശം ഗ്രഹിച്ചവർ അസ്തത്വ വാദവുമായി കറങ്ങുകയാണ്. ജീവിതത്തിന്റെ അസ്തിത്വം തേടിയുള്ള അന്വേഷണയാത്രയ്ക്ക് പഴക്കമേറെയുണ്ട്. ഇന്നേവരേ അവർ യാത്ര വിജയപ്രദ

മായി അവസാനിപ്പിച്ചിട്ടില്ല; അത് സാധ്യവുമല്ല. ഒരു പ്രശ്നത്തിന്റെ ഉത്തരത്തിന് പിന്നാലെ ഓടുമ്പോൾ അതിനേക്കാൾ വലിയൊരു പ്രശ്നം നമ്മെ വേട്ടയാടുന്നു. ഇങ്ങനെ ജീവിതം പ്രശ്നങ്ങളുടെ ബഹളങ്ങൾക്ക് മധ്യേയാണ്.

മരണത്തോടെ എല്ലാം നശിച്ചെന്നും, അതിനാൽ ജീവിതം പരമാവധി സുഖപ്രദമാക്കണമെന്നും ഉപദേശിക്കുന്നവരും ചിന്തിക്കുന്നവരുമുണ്ട്. ഈ ഭൂമിയിൽ ജീവിക്കാൻ മറന്നുപോയ പാവങ്ങൾക്ക് പ്രതീക്ഷയും, രക്ഷയും, സാന്ത്വനവും നൽകിയത് അവരുടെ വിശ്വാസദാർഢ്യതയായിരുന്നു. ശാശ്വതമായ സുഖവും ശാന്തിയും, മതവീക്ഷണത്തിൽ മരണാനന്തരമാണ്. ഭൂമിയിൽ പട്ടിണി കിടക്കുന്നവർക്ക് മതം മരണാനന്തര പറുദീസ നല്കുന്നു. കേവലം തിന്നും, കുടിച്ചും, രമിച്ചും, തുലക്കാനോ ജീവിതം? ജീവിതം ഇത്ര ചെറുതാണോ? മരണാനന്തരമൊരു പ്രതീക്ഷാനിർഭരമായ ജീവിതമില്ലങ്കിൽ, നശ്വരമായ ഭൂമിയിൽ നരകിക്കുന്ന മനുഷ്യ മക്കൾക്ക് ജീവിതം എന്തിനായിരുന്നു? ജീവിതക്കളരിയിൽ പയറ്റി പരാജിതരായ നിരവധിയാളുകളെ നമുക്ക് കാണാം. എന്നാൽ ജീവിതത്തിന്റെ പരുക്കൻ പ്രതലങ്ങളോട് മല്ലിട്ട് ജീവിതം അർത്ഥവത്താക്കിയവർ നമ്മിൽ എത്ര പേരുണ്ട്? മനുഷ്യജീവിതമാകുന്ന ദീപം കെടാൻ പോവുമ്പോൾ തിരിനീട്ടി എണ്ണയൊഴിച്ച് വീണ്ടും പ്രകാശവത്താക്കുന്ന വസ്തു ഏതാണ്?

സർവ്വമാന പ്രശ്നങ്ങളുടെയും നടുക്കയത്തിലും നമ്മുടെ രക്ഷക്കെത്തുന്നത് നമ്മുടെ വിശ്വാസമാണ്. വിശ്വാസമാണ് അടുത്ത നിമിഷവും നമ്മെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. വിശ്വാസമില്ലാത്തവൻ എണ്ണയില്ലാത്ത വിളക്കുപോലെ നിഷ്പ്രദനും, നിഷ്ഫലനുമാണെന്നറിയുക.അതുകൊണ്ടാണ് വള്ളത്തോൾ ഇങ്ങനെ പാടിയതും.

''വിശ്വാസമല്ലോവിളക്കു
മനുഷ്യനു
വിശ്വാസംജീവസർവസ്വമല്ലോ
ഒക്കെയുംപോമതുപോയാൽ
കെടുമാരു
ചുക്കാൻപോയൊരു കപ്പൽ
പോലെ''

നിറംമങ്ങിയ മനസ്സിനും വെളിച്ചമേകിപുതിയോരു പ്രഭാതത്തെ കാണിച്ചുകൊടുക്കുന്നത് വശ്വാസമാണ്. വിശ്വാസമില്ലെങ്കിൽ നിയന്ത്രണംവിട്ട കപ്പൽപോലെ അത് നടുക്കടലിൽ നാശോന്മുഖമാവും. ജീവിതം മടുക്കുമ്പോൾ, ജീവിതത്തിൽ പ്രതീക്ഷകൾ ഇല്ലാതാവുമ്പോൾ, നിരവധി പേർ ആത്മഹത്യക്ക് ഒരുമ്പെടാറില്ലേ?.... ഈ കൊടും പാതകത്തിന് അവരെ പ്രേരിപ്പിച്ച ചേതോവികാരമെന്ത്?; ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടമാണ് ആത്മഹത്യയെന്ന് മന:ശാസ്ത്രജ്ഞന്മാർ പോലും വിധിയെഴുതിക്കഴിഞ്ഞു? ഇനി ഞാൻ ജീവിച്ചിട്ട് കാര്യമില്ലായെന്ന മിഥ്യാധാരണയാണ് അക്കൂട്ടരെ ഇതിലേക്ക് ഇനയിക്കുന്നത്. ഇത്തരം നിർണായക ഘട്ടത്തിൽ മതം മനുഷ്യന് വ്യക്തമായ പോംവഴി നിർദേശിക്കുന്നു. മറ്റ് പ്രത്യേക ശാസ്ത്രങ്ങൾക്ക് ഇവിടെ പകച്ച് നിൽക്കാനും ചോദ്യം ചോദിക്കാനും മത്രമെ കഴിയൂ; ഉത്തരം നൽകാൻ മതവും.


വിദ്യാദ്യാസരംഗത്തും,സാമൂഹ്യ-സാംസ്കാരിക മേഖലയിലും വെന്നിക്കൊടി ഉയർത്തിയെന്നഭിമാനിക്കുന്ന വർത്ത മാനകേരളം ഇന്ന്നേരിടുന്ന ഒരുപ്രശ്നം ആത്മഹത്യയാണെന്നറിയുമോ?... വിഭ്യാദ്യാസത്തിനോ,സമ്പത്തിനോ,മനുഷ്യന് ശാന്തിയും ,ലക്ഷ്യവും നൽകാനാവില്ലയെന്നതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ലോകത്തിന് മുമ്പേ, ജീവിതത്തിന്റെ നിരർത്ഥകത പൊക്കിപ്പിടിച്ചാണ്''ഹിപ്പികൾ'' കടന്ന് വന്നത്.അവർക്ക് പിന്നാലെ പലരും;പലമ്തിരി ഭൗതിക പ്രത്യയശാസ്ത്രങ്ങൾ പർജയപ്പെട്ടിടത്ത് മതം വിജ.യിച്ചതാണ് നഷ്ടമായി കാണുന്നത് .ജീവിതത്തിന്റെ അർത്ഥംതേടി ലോകത്തുടനീളം ഇന്ന് വലിയൊരു വിഭാഗം ജനങ്ങൾ അലയുന്നുണ്ട്. ഭൗതികമായ മറുമരുന്നിൽ പരാജയപ്പെട്ടപ്പോൾ അലയൽ അവർക്ക് ഹോബിയായി.

ജീവിതത്തിന്റെ അർത്ഥമറിയാത്ത അലക്ഷ്യരായ ഈ സമൂഹം യൂറോപ്പിനെ ഇന്ന് പിടിച്ച് കുലുക്കുകയാണ്. വിശിഷ്യാ അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ തുടങ്ങിയ രാജ്യങ്ങളെ അമേരിക്കയിൽ പ്രതിദിനം കുടുംബബന്ധം തകർന്ന് കൊണ്ടിരിക്കുന്നു. ബലാൽസംഗ്വും കൊലയും അവിടെ ഒരു ' ഇഷ്യു ' അല്ല. പതിനഞ്ച് വയസ്സിനു മുമ്പെ മാതാപിതാക്കളുടെ സവിധത്തിൽ നിന്ന് കുട്ടികൾ വീട്വിട്ട് ഇറങ്ങിപ്പോവുന്നു. മന:ശ്ശാസ്ത്രം ഇതിനെ തലമുറകളുടെ വിടവ് (Generation Gap) എന്ന് നാമവും നൽകിയിരിക്കുന്നു.

ധാർമ്മിക - സദചാരബോധമില്ലാതെ, ജീവിത പരീക്ഷണമാകുന്ന പരീക്ഷയിൽ പരാജിതരായി മന:ശ്ശാന്തിക്കും, മോക്ഷത്തിനുമായി ലോകജനത വേഴാമ്പലിനെപ്പോലെ കേഴുന്നു. ശാസ്ത്രീയ പുരോഗതിയുടെ ഉത്തുംഗതയിൽ, പരീലസിക്കുമ്പോഴും എയ്ഡ്സ് പോലുള്ള ഗുഹ്യരോഗങ്ങൾക്കോ, ഭൂകമ്പം പോലുള്ള പ്രകൃതി വിപത്തിനോ ഹേതുവോ, മരുന്നോ കണ്ടുപിടിക്കാനാവാതെ ധിക്കാരികളായി നാം മുന്നേറുന്നു. ഈ മുന്നേറ്റം നാശത്തിന്റെ വക്കിലേക്കാണെല്ല പറയേണ്ടതില്ലല്ലോ.

എന്താണ് മനസ്സ്? എന്ന ചോദ്യത്തിന് പോലും ഉത്തരം കണ്ടെത്താൻ ആർക്കുമായിട്ടില്ല. മതം പറയുന്നു, 'പറയുക അത് ദൈവത്തിൽ നിന്നുള്ളതാണെന്ന്'. ജീവിതത്തിന് വെളിച്ചം ലഭിക്കുണമെങ്കിൽ നാഥന്റെ വിളിയാരും കേൾക്കാതെ തരമില്ല. ദൈവത്തെ സദാ സ്മരിക്കാതെ എങ്ങനെ ശാന്തി ലഭിക്കും? 'അറിയുക സ്രഷ്ടാവിനെ സ്മരിക്കൽ കൊണ്ടാണ് മനഃശ്ശാന്തി കൈവരുന്നത്' എന്ന വിശുദ്ധ ഖുർആൻ വചനം ശ്രദ്ധേയമാണ്. ഒരു വ്യക്തി യഥാർത്ഥത്തിൽ ജീവിക്കുന്നത് മ റ്റുള്ളവർ അയാളെ അയവിറക്കുമ്പോഴാണ്. സച്ചരിതമായ, സൽക്കർമ്മത്തിലൂടെ വ്യഷ്ടികൾക്ക് സമഷ്ടിയിലും, മനുഷ്യമനസ്സിലും ചിരന്തനപ്രതിഷ്ഠ നേടാനാവും. മനസ്സിന്റെ ഇച്ഛയ്ക്കനുസൃതം ഗമിക്കുന്നവൻ ഭീരുവും, മരണത്തിനു മുമ്പേ പലതവണ മരിക്കുന്നവനുമാണ്. വിശക്കുന്നവരുടെ സുവിശേഷം കേൾക്കാനോ, ജീവിതസത്യം കണ്ടെത്താനോ, ആവുന്നില്ലെങ്കിൽ ഭാവിതലമുറയുടെ നാശവും, പതനവും നമുക്ക് വ്യക്തമായും അളക്കാവുന്നതേയുള്ളൂ.

ആധുനിക യുവസമൂഹം ഇന്ന് തീ ർത്തും നാശത്തിന്റെയും, മൂല്യച്യുതിയുടെയും, പാർശ്വങ്ങളിലഭയം പ്രാപിച്ചിരിക്കുന്നു. യൗവനത്തിന്റെ പ്രസന്നദയിലും രക്തത്തിളപ്പിലും മതിമറന്ന് അവിവേകികളും, ദുർമാർഗ്ഗികളുമായിത്തീരുന്നു. ജീവിതലക്ഷ്യം നഷ്ടപ്പെട്ട യുവതീയുവാക്കൾ മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും മായാലോകത്തിൽ വിഹരിക്കുകയാണ്. സ്വയം പ്രകാശിക്കുന്ന ജ്യോതിർഗോളങ്ങളാവേണ്ട ഈ തലമുറ ഞൊടിയിടയിടെ നാശോന്മുഖമാവുന്നത് ആത്മഹത്യാപരമല്ലേ?



***കാലങ്ങൾ അനന്തമായി***
***മാറുന്നു, കറങ്ങുന്നു.***
***കാലത്തിന്റെ***
***ഒച്ച കേട്ടുണരാനും,***
***കാലത്തിന്റെ ചുവരെഴുത്ത്***
***വായിക്കാനും,***
***നാം ശക്തരാവണം.***
***അനുനിമിഷം മരണത്തോട്***
***നാമടുക്കുന്നു.***
***ജീവിതത്തിന്റെ പരുപരുക്കൻ***
***യാഥാർത്ഥ്യങ്ങൾക്ക്***
***മുമ്പിൽ നിമ്നോന്നതങ്ങളിൽ,***
***നമ്മെ കരുത്തരും,***
***ആത്മവിശ്യാസി–***
***കളുമാക്കേണ്ടതും***
***ആക്കുനാതും***
***വിശ്വാസമാണെന്നറിയുക.***

സമ്പത്തും, സൗന്ദര്യവും, ആരോഗ്യവും മനുഷ്യന്റെ പുരോഗതിക്കും, അന്തിമവിജയത്തിനും, ഉപകരിക്കുന്നില്ലങ്കിൽ അതിന്റെ ആവശ്യം എന്താണ്? ജീവിതം സദാ മറ്റുള്ളവർക്ക് മാതൃകയാകത്തക്കവിധം പ്രശോഭിതമാക്കാൻ നാം യത്നിക്കുക. നാം നമ്മളെ ഇനിയെങ്കിലും തിരിച്ചറിയുക. ധാർമ്മിക – സദാചാര മൂല്യങ്ങളിലധിഷ്ടിതമായ ജീവിതം നയിച്ച് വിജയത്തിൽ സായൂജ്യമടയുക. വിശ്വാസമാണ് പടർക്കളത്തിലെ നിന്റെ ആയുധമെന്നറിയുക. മൃത്യു നിശ്ചയമായിരിക്കെ മഹത്തായൊരു ആശയത്തിന് മുമ്പിൽ സാദരം നമ്മുടെ ജീവിതത്തെ സമർപ്പിക്കുക. നമുക്ക് വിനഷ്ടമാവാനൊന്നുമില്ല, വാങ്ങാനെയുള്ളൂ.

കാലങ്ങൾ അനന്തമായി മാറുന്നു, കറങ്ങുന്നു. കാലത്തിന്റെ ഒച്ച കേട്ടുണരാനും, കാലത്തിന്റെ ചുവരെഴുത്ത് വായിക്കാനും, നാം ശക്തരാവണം. അനുനിമിഷം മരണത്തോട് നാമടുക്കുന്നു. ജീവിതത്തിന്റെ പരുപരുക്കൻ യാഥാർത്ഥ്യങ്ങൾക്ക് മുമ്പിൽ നിമ്നോന്നതങ്ങളിൽ, നമ്മെ കരുത്തരും, ആത്മവിശ്യവാസികളുമാക്കേണ്ടതും ആക്കുന്നതും വിശ്വാസമാണെന്നറിയുക. ഇന്നലെകളെക്കുറിച്ച് വ്യാകുലചിത്തരാവാതെ നാളകളെക്കുറിച്ച് നൊമ്പരപ്പെടാതെ വർത്തമാനത്തെ കരുപ്പിടിപ്പിക്കാൻ നിന്റെ ജ്ഞാനവും, വിശ്വാസവും, മനഃസ്സാക്ഷിയും നിന്നെ കരുത്തനാക്കട്ടെ. ജീവിതവഴിത്താരയിൽ സർവ്വസ്വവും നഷ്ടപ്പെടുത്തി ശാന്തിയുടെയും, സ്നേഹത്തിന്റെയും ശാദ്വലതീരങ്ങളിലേക്ക് കാതോർക്കുന്ന സഹചരെ സത്യത്തിന്റെ, ശാന്തിയുടെ, ധർമ്മത്തിന്റെ വിജയധ്വജപാശത്തിൽ കോർക്കാൻ നമ്മളെല്ലാം ശ്രമിക്കുക.

പ്രിജി. എസ്.

ബി. എ. മലയാളം, ഒന്നാം വർഷം.

# മാധ്യമ രംഗത്തെ വികസനം

ഒരു വികസ്വര രാജ്യത്തിന്റെ ചട്ടക്കൂടിലാണെങ്കിൽക്കൂടിയും ആഗോള വ്യാപകമായി മാധ്യമരംഗത്ത് ഇന്ത്യ മുന്നിൽ തന്നെ. 1995 ൽ എത്തി നിൽക്കുമ്പോൾ അമേരിക്ക, ചൈന, ഇന്ത്യ എന്നീ മൂന്നു രാജ്യങ്ങൾ മാധ്യമ രംഗത്തെ മെഗാ മാർക്കറ്റുകൾ എന്ന വിശേഷണം അർഹിക്കുന്നു.

മറ്റു രണ്ടു രാജ്യങ്ങളെ അപേക്ഷിച്ച് ഒരു വൻ കുതിച്ചുചാട്ടത്തിനുള്ള സജീവമായ സാഹചര്യങ്ങൾ നമ്മുടെ രാജ്യത്തിൽ അന്തർലീനമായിട്ടുണ്ട്. അമേരിക്കയുടെ നാനാത്വവും ആവിഷ്ക്കാര സ്വാതന്ത്ര്യവും ഇന്ത്യയ്ക്കുണ്ട് എന്നതാണ് അതിലൊന്ന് ചൈനയെ സംബന്ധിച്ചിടത്തോളം മാധ്യമങ്ങൾ അത്രതന്നെ സ്വതന്ത്രമല്ല. മറ്റൊരു വസതുത ഉയർന്ന ജനസംഖ്യ എന്നത് ഒരു നേട്ടമായി കരുതാമെങ്കിൽ ആ സാഹചര്യവും നമ്മെ സംബന്ധിച്ച് അനുകൂലമാണ് എന്നതാണ്. ഈ തോതിലുള്ള ജനസംഖ്യ അമേരിക്കയ്ക്ക് അവകാശപ്പെടാനാവില്ല. പക്ഷെ ഉയർന്ന തോതിലുള്ള ഒരു മുന്നേറ്റത്തിന് നമുക്കു മുന്നിൽ വിഘാതമായി നിൽക്കുന്നത് ഇനിയും പൂർണമായും നിർമ്മാർജ്ജനം ചെയ്യപ്പെടാത്ത ദാരിദ്യവും നിരക്ഷരതയുമാണ്.

എങ്കിലും രാഷ്ട്രത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനകീയ പങ്കാളിത്തത്തോടു കൂടി ആവിഷ്ക്കരിച്ച പ്രവർത്തനങ്ങൾ വഴി നിരക്ഷരത ഒരു പരിധി വരെ നിർമ്മാർജ്ജനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. മുൻപ് അജ്ഞതയിലാ ണ്ടുകിടന്നിരുന്ന പല പ്രദേശങ്ങളെയും വെളിച്ചത്തു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലും പ്രതിശീർഷ വരുമാനത്തിൽ ഗണ്യമായ വർധനവ് ഉണ്ടായിട്ടുണ്ട്.


ഔദ്യോഗികമായ ഒരു കണക്കെടുപ്പിലൂടെ 'ജനറൽ ഇൻസ്ട്രമെന്റ് കോർപ്പറേഷൻ ഓഫ് ഷിക്കാഗോ പ്രവചിച്ചിരിക്കുന്നത് AD 2000- മാണ്ട് ആവുമ്പോഴേക്ക് ഇന്ത്യ അമേരിക്കൻ ടി.വി. മാർക്കറ്റിനെയും കടത്തി വെട്ടും എന്നാണ് ഇത് പ്രതീക്ഷയ്ക്കു വക നൽകുന്നു. 1995 എത്തിയപ്പോഴേക്കും ഇന്ത്യയിലെ ദൂരദർശൻ പ്രേക്ഷകർക്ക് യഥേഷ്ടം തിരഞ്ഞെടുക്കാവുന്ന 35 ചാനലുകളുണ്ട്. ദൂരദർശനിലെ തന്നെ മൂന്നു ചാനലുകൾ, Zee T.V. യുടെ മൂന്നു ചാനലുകൾ, Bi T.V. യുടെ നാലു ചാനലുകൾ Jain T.V. യുടെ രണ്ടു ചാനലുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സംപ്രേഷണത്തിന്റെ ആരംഭഘട്ടത്തിൽ ഒരേയൊരു ചാനലും അതിൽ രണ്ടു മണിക്കൂറിലൊതുങ്ങുന്ന നിലവാരം കുറഞ്ഞ പരിപാടികളുമാണ് നമുക്ക് മുന്നിലുണ്ടായിരുന്നത് എന്നതറിയുമ്പോൾ മാത്രമേ ഇന്ന് നാം എവിടെ എത്തിനിൽക്കുന്നു എന്നതിനെക്കുറിച്ച് ഒരവബോധം ഉണ്ടാവുകയുള്ളൂ.

തുടക്കത്തിൽ പത്രങ്ങളുടെ അവസ്ഥയും ഭിന്നമായിരുന്നില്ല. നിലവാരമില്ലാത്ത പ്രിൻറിംഗ്, ഗുണമേൻമയില്ലാത്ത ന്യൂസ്പ്രിൻറ് എന്നിവയൊക്കെ കാരണം ആകപ്പാടെ ന്യൂസ് പേപ്പറുകളുടെ ലോകവും വിരസമായിരുന്നു. പിന്നീട് നിലവാരമുള്ള പ്രസിദ്ധീകരണങ്ങൾക്കു വേണ്ടിയുള്ള ഇന്ത്യയിലെ മിഡിൽ ക്ലാസിൽ പെട്ട ആളുകളുടെ പ്രതീക്ഷകൾ സഫലമായത് എൺപതുകളിൽ ആകർഷണീയമായ കെട്ടും മട്ടും ഒക്കെയായി രംഗത്തുവന്നു ചില മാഗസിനുകളിലൂടെയാണ് ഇന്ത്യാ ടുഡേഎ, ബിസിനസ്സ് ഇന്ത്യ എന്നിവ ഇവയിൽ ചിലതാണ്. ഈ പുത്തൻ ആവിർഭാവം ന്യൂസ് പേപ്പർ ഗ്രൂപ്പുകളെയൊക്കെ ഒരു പുതുക്കിപ്പണിയലിനോ പുതിയ പ്രസിദ്ധീകരണങ്ങൾ തുടങ്ങുന്നതിനോ പ്രേരിപ്പിച്ചു തത്ഫലമായി എൺപതുകളിലും തൊണ്ണൂറുകളിലും പുതിയ ചില പത്രങ്ങളും ആരംഭിച്ചു. 1989 ൽ ന്യൂസ് പേപ്പറുകളുടെ രംഗത്ത് ക്രിയാത്മകമായ ചില പരിവർത്തനങ്ങളുണ്ടായി. ചില പത്രങ്ങൾക്ക് പ്രസിദ്ധീകരണം നിർത്തിവെക്കേ

*ടി.വി.യുടെ സാധ്യതകളെ മുന്നിൽ കണ്ടുകൊണ്ടു മാത്രമേ ഇന്ന് പത്രങ്ങൾക്കും മുന്നോട്ടു നീങ്ങാനാവൂ. വാർത്തകൾ തത്സമയം ദൃശ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഓരോ പേജിന്റെയും മൂല്യം ഒരു പത്രത്തെ സംബന്ധിച്ച് പ്രാധാന്യമർഹിക്കുന്നു.*

ണ്ടിവന്നു. പക്ഷേ അതിനേക്കാൾ പ ദിന്മടങ്ങ് ശക്തിയോടെ പുതിയ ചില മാഗസിനുകളും ഉദയംചെയ്തു. 1995 ൽ മാധ്യമരംഗത്തെ അനന്തസാധ്യതകൾ നാടകീയമായ പല പ്രവർത്തനങ്ങൾക്കും തുടക്കം കുറി ച്ചേക്കാം.

ടി.വി.യുടെ സാധ്യതകളെ മുന്നിൽ കണ്ടുകൊണ്ടുമാത്രമേ ഇന്ന് പത്രങ്ങൾക്കും മുന്നോട്ടു നീങ്ങാവൂ. വാർത്തകൾ തത്സമയം ദൃശ്യമായി ക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഓരോ പേജിന്റെയും മൂല്യം ഒരു പത്രത്തെ സംബന്ധിച്ച് പ്രാധാന്യമർഹിക്കുന്നു. ടെലിവിഷനോട് കിടപിടിക്കാനുള്ള ഈ ശ്രമത്തിനിടയിൽ സജീവമായ ദൂരദർശൻ ദേശീയ ശൃംഖലകളുടെയൊപ്പം എത്താൻ പലപ്പോഴും പത്രങ്ങൾക്കു കഴിയാറില്ല എന്നതാണ് വാസ്തവം. ഇത്തരം ഒരു സാഹചര്യത്തിൽ ഒരു വാർത്ത കേവലം വ്യാഖ്യാനിക്കുക എന്നതിൽ കവിഞ്ഞ് അതിനെ സന്ദർഭവുമായി ബന്ധപ്പെടുത്തുവാൻ പത്രങ്ങൾ നിർബന്ധിതരാവുന്നു. എഡിറ്റോറിയൽ ക്വാളിറ്റി, ഉയർന്ന സാങ്കേതിക നിലവാരം, മൂലധന സ്രോതസ്സുകൾ, തന്ത്രപ്രധാനമായ രീതിയിലുള്ള മാർക്കറ്റിംഗ് എന്നീ ഘടകങ്ങൾ 90 കളിൽ ഒരു പ്രസിദ്ധീകരണത്തിന്റെ വിജയത്തെ സ്വാധീനിക്കുന്നു. ഇവയിൽ ഏതെങ്കിലും ഒരു ഘടകത്തിന്റെ അപര്യാപ്തത ഒരു പക്ഷേ വലിയ പരാജയത്തിലേക്കാവും ആ പ്രസിദ്ധീകരണത്തെ കൊണ്ടെത്തിക്കുക. ഇന്ത്യൻ പത്രങ്ങളിൽ വന്നിട്ടുള്ളൊരു പ്രധാന മാറ്റം സ്വതന്ത്രവും സ്പെഷ്യലൈസ്ഡ് ആയിട്ടുള്ളതുമായ ചില ഭാഗങ്ങളുടെ വളർച്ചയാണ് ഉദാഹരണമായി ഒരു പത്രം നോക്കിയാൽ ചില നിശ്ചിത പേജുകൾ, ബിസിനസ്സ് വാർത്തകൾക്കയും ചില പേജുകൾ, പ്രാദേശികമായ വിശേഷങ്ങൾക്കായും നീക്കിവെച്ചിരിക്കുന്നതായി കാണാം. ഇത്തരത്തിൽ ഒരു സെക്ഷ്നൈസേഷൻ സ്വന്തം താൽപര്യമനുസരിച്ച് വാർത്തകൾ തെരഞ്ഞെടുക്കാൻ ഒരു വായനക്കാരനെ സഹായിക്കുന്നു. മാധ്യമങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്ന ഈ യുഗത്തിൽ ഓരോ നഗരത്തിനും നല്ല നിലയിൽ പ്രവർത്തിക്കുന്ന ശക്തമായ ഒരു പത്രവും ഒരു ശരാശരി പത്രവും ഒരു നിലവാരം കുറഞ്ഞ പത്രവും ഉണ്ടാവുന്ന സാഹചര്യം വന്നേക്കാം.



പത്രങ്ങൾ ടി.വി.ക്ക് ഒപ്പമെത്താൻ മത് സരിക്കുമ്പോൾ മാഗസിനുകൾ ഒരു വെല്ലുവിളിയെ നേരിടുന്നു. മറ്റു രണ്ടു മാധ്യമങ്ങൾ കൂടുതൽ ശക്തമാകുമ്പോൾ മാഗസിനുകൾ അരികിലേക്ക് തള്ളിമാറ്റപ്പെട്ടേക്കാം .

പത്രങ്ങൾ ടി.വി.ക്ക് ഒപ്പമെത്താൻ മത്സരിക്കുമ്പോൾ മാഗസിനുകൾ ഒരു വെല്ലുവിളിയെ നേരിടുന്നു. മറ്റു രണ്ടു മാധ്യമങ്ങൾ കൂടുതൽ ശക്തമാകുമ്പോൾ മാഗസിനുകൾ അരികിലേക്ക് തള്ളിമാറ്റപ്പെട്ടേക്കാം . ഇത്തരം സന്ദർഭങ്ങളിൽ മാഗസിനുകളോടുള്ള പൊതുജന താല്പര്യം കുറഞ്ഞുവരുന്നു. ഭാവിയിൽ നിലനിൽക്കണമെങ്കിൽ ഉപഭോക്തൃ താല്പര്യത്തെയും ബിസിനസ് താല്പര്യങ്ങളെയും അത് അവഗണിച്ചുകൂടാ എന്ന നിലവന്നു. തത്ഫലമായി ബിസിനസ് മാഗസിനുകളും ഉപഭോക്താക്കളെ തൃപ്തിപ്പെടുത്താനായി ചില ഫാഷൻ പ്രസിദ്ധീകരണങ്ങളും രംഗത്ത് എത്തിയിട്ടുണ്ട്. അവരുടേതായ എഡിറ്റോറിയലുകളും മെച്ചപ്പെട്ട രീതിയിലിള്ള പരസ്യ ക്രമീകരണങ്ങളും വായനക്കാരുടെ താല്പര്യത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങളും മാഗസിനുകളെ ടി.വി.ക്കും ഒപ്പമെത്താൻ സഹായിക്കും. കൂടാതെ ഒരു മാഗസിൻ അങ്ങേയറ്റം സ്വതന്ത്രവുമായിരിക്കണം.

ഈ തിരക്കുകൾക്കിടയിലും പുറന്തള്ളപ്പെടാതെ പിടിച്ചുനിൽക്കുന്ന ഒരു മാധ്യമമാണ് റേഡിയോ ടെലിവിഷൻ ചുറുചുറുക്കോടെ രംഗത്തുണ്ടെങ്കിലും എൺപതുകളിൽ ചില വിദഗ്ധർ കണക്കുകൂട്ടിയതു പോലെ റേഡിയോയെ പിൻതള്ളാൻ അവയ്ക്കു കഴിഞ്ഞില്ല. നമ്മോട് ഏറ്റവും അടുക്കന്ന ഒരു മാധ്യമമെന്ന നിലയിലും എല്ലാ നിലയിലും ടെലിവിഷനെ അപേക്ഷിച്ച് ചിലവു കുറഞ്ഞതായതിനാലും ഒട്ടും തളരാതെ റേഡിയോ മുന്നോട്ടു വരുന്നു. പ്രാഥമികമായി മൂന്നുപയോഗങ്ങളാണ് ഈ മാധ്യമം കൊണ്ടുദ്ദേശിക്കുന്നത്. സംഗീതം, അറിയിപ്പുകൾ, നേരിട്ടുള്ള വാർത്താ വിനിമയം എന്നിങ്ങനെ. ബി.ബി.സി. റേഡിയോയുടെ പ്രഭാത പരിപാടികൾക്കുശേഷമാണ് ബ്രിട്ടനിലെ പല രാഷ്ട്രീയ നേതാക്കന്മാരും തങ്ങളുടെ പോളിസി എന്തെന്ന് നിശ്ചയിക്കുന്നത്. റേഡിയോ ഒരിക്കലും വ്യക്തിപരമായ താല്പര്യങ്ങളിൽ കൈ കടത്തുന്നില്ല. ടെലിവിഷനെ അപേക്ഷിച്ച് നിയന്ത്രണങ്ങളും കുറവാണ് വില താരതമ്യേന കുറഞ്ഞതും എന്നാൽ വിലമതിക്കാവുന്നതുമായ ഒരു മാധ്യമമാണിതെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഉയർന്ന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കമ്പ്യൂട്ടറിനെ കൂട്ടുപിടിച്ച് മാധ്യമങ്ങൾ ഇനിയും മുന്നോട്ടു പോയേക്കാം. മാധ്യമങ്ങളുടെ പരസ്പര പ്രവർത്തനം വഴി വീട്ടിലിരുന്നു കൊണ്ടുതന്നെ ബിസിനസുകൾ നടത്താൻ കഴിയുമെന്ന നില വന്നേക്കാം. സാങ്കേതിക രംഗത്തെ ദ്രുതചലനങ്ങൾ ഉപയോഗപ്പെടുത്തുന്നതും ശ്രദ്ധേയവും ലക്ഷ്യത്തിനൊപ്പമെത്താൻ കുതിക്കുന്നവയുമായ മാധ്യമങ്ങൾക്കേ ഭാവിയിൽ നിലനില്പുള്ളൂ.

സുരേഷ് ബാബു. കെ. ടി.

ബി. എ. മലയാളം, രണ്ടാം വർഷം.

# മരിക്കുന്ന മലയാളം

"ജനനം തൊട്ടെൻ മകൻ
ഇംഗ്ല ീഷ്പഠിക്കണം
അതിനായ് ഭാര്യതൻ പേറങ്ങ്
ഇംഗ് ളണ്ടിൽ തന്നെയാക്കി"

കേരളത്തിലെ മാതൃഭാഷയായ മലയാളം ഇന്ന് മരണം കാത്ത് കിടക്കുകയാണോ—? ഈ അടുത്ത കാലത്ത് നമ്മുടെ ഭാഷാസ്നേഹികളെ വേട്ടയാടികൊണ്ടിരിക്കുന്ന ഒരു സുപ്രധാന ചോദ്യമാണിത്. ഈ ചോദ്യം വളരെയേറെ ചർച്ച ചെയ്യപെടേണ്ട ഒന്നാണ്. എനിയ്ക്ക് മലയാളം കുറച്ചേ അറിയൂ എന്ന് അഭിമാന പൂർവ്വം പറയുന്ന ഒരു വിഭാഗം നമ്മുടെ ഇടയിൽ സാധാരണയായി വർദ്ധിച്ചു വരുന്നുണ്ട്. ശരിക്കും മലയാളത്തെ പരിഹസിക്കുവാൻ മെനക്കെടുന്ന ഈ വിഭാഗം ആശയവിനിമയം ചെയ്യുന്നതോ പുഛരിക്കുന്ന മലയാളം കൊണ്ട് തന്നെയാണ് എന്ന വസ്തുത അറിയുമ്പോൾ മനസ്സിൽ ചിരിയാണ് വരിക. തുഞ്ചനും, കുഞ്ചനും, വള്ളത്തോളും, ചങ്ങമ്പുഴയും സമ്പന്നമാക്കിയ; എസ്.കെയും, തകഴിയും, ബഷീറും ധന്യമാക്കിയ എ.ആറും, മുണ്ടശ്ശേരിയും പവിത്രമാക്കിയ; മലയാള ഭാഷ ഇന്ന് കേരളത്തിന്. അന്യമാവുകയാണ്.

ഏതൊരു ജനതയും അതിന്റെ ഭാഷയെയും ചരിത്രത്തിന്റെയും കുറിച്ച് നടത്തുന്ന അന്വേഷണം ആ ജനതയുടെ സത്യാന്വേഷണം തന്നെയാണ്, കാരണം ഒരു ജനതയുടെ ചരിത്രം അവരുടെ ജീവിതവും ഭാഷ ആ ജനതുടെ സംസ്ക്കാരത്തിന്റെ ഏറ്റവും പ്രമുഖമായ ചിഹ്നവുമാണ്. ഭാഷ, സംസ്ക്കാരം, ചരിത്രം, രാഷ്ട്രീയം എന്നീ ഘടകങ്ങളുടെ പ്രവർത്തന പ്രതിപ്രവർത്തനങ്ങളിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന ഒതു പൊതു സാമൂഹ്യഭാഗത്തിന്റെ ഭാഗമാണ് നാമെല്ലാവരും. ആയതിനാൽ ഈ പറഞ്ഞതിൽ ഏതെങ്കിലും ഒന്നിന്റെ പ്രതിസന്ധി ആദ്യംമുറിവേൽപ്പിക്കുന്നത് നമ്മുടെ സാമൂഹ്യബാധത്തെ തന്നെയാണ്.

ഫുൾഫാൻസ്, ആക്ഷൻ ഷൂ
ഇന്ത്യനെക്സ്പ്രസ്സ് കക്ഷത്ത്
ഇംഗ്ളീഷ് മീഡിയനുജ്ജ്വലൻ.

പുതുമഴയ്ക്ക് പാറ്റ പൊടിയുന്നതുപോലെ ഇംഗ്ളീഷ് മീഡിയം സ്ക്കൂളുകൾ പെരുകികൊണ്ടിരിക്കുകയാണ്. എങ്കിൽ നമ്മുടെ സർക്കാർ മലയാള മീഡിയം സ്ക്കൂളുകൾ അടച്ചുപൂട്ടുന്നു. മാതാവിന്റെ ഗർഭപാത്രത്തിൽ വളരുന്ന കുഞ്ഞിനു വേണ്ടി പിതാവ് നേരത്തെ തന്നെ 'എൽ-കെ-ജി' യിൽ സീറ്റ് ബുക്ക് ചെയ്യുന്നതിന് വേണ്ടി പരക്കം പായുകയാണ്. കുഞ്ഞ് ജനിച്ചു കഴിഞ്ഞാൽ അവന് ആദ്യം അമ്മയുടെ അമ്മിഞ്ഞപ്പാല് നഷ്ടമാക്കുകയാണ്. മുലയൂട്ടൽ അവരുടെ സംസ്ക്കാരത്തെ ചോദ്യം ചെയ്യുമെന്നുകരുതി അവർ ആധുനിക കുപ്പിപ്പാലിനെ ശരണം പ്രാപിക്കുന്നു അതുമൂലം കുട്ടിക്ക് അവന്റെ ആരോഗ്യം നശിക്കുന്ന കാര്യം അവർ ഓർക്കുന്നില്ല. ഇളം പുഞ്ചിരി..... നിഷ്കളങ്കമായ ആ കുട്ടികൾ അമ്മേ എന്നു വിളിക്കുമ്പോൾ അതിന് ശിക്ഷ നല്കി നല്ലപേരായ 'മമ്മി'യാക്കി മാറ്റുന്നു. ധാരാളം മുത്തശ്ശി കഥകളും, നാടൻ താരാട്ടുപാട്ടുകളും കേട്ടുവളരേണ്ട ഈ കുട്ടിക്ക് ബാല്യത്തിന്റെ നല്ല മധുരം യഥേഷ്ടം നഷ്ടപ്പെടുകയാണ്. ചുറ്റുപാടുകളിൽ ഓടിചാടി കളിച്ചു വളരേണ്ട അവന് നാട്ടിൻ പുറങ്ങളിലെ കളികളും മറ്റും നഷ്ടപ്പെടുകയാണ് പകരം വിഢ്ഢിപെട്ടിക്കുമുന്നിലിരുന്ന് ക്രിക്കറ്റും . . . . തുടങ്ങിയ മറ്റുപലതുമവനെ തേടിയെത്തുന്നു. ഒരു പക്ഷേ നമ്മുടെ കുട്ടികൾക്ക് ഇഷ്ടം വിദ്യാലയത്തിനുപുറമേ വിശാലമായ ലോകത്തിൽ ഉല്ലസിച്ച് പഠിക്കാനായിരിക്കാം, എന്തു ചെയ്യാം മക്കളെ ഡോക്ടറും, എഞ്ചിനീയറും ആക്കേണ്ടത് എല്ലാ മാതാപിതാക്കളുടെയും കടമയല്ലേ അതുമൂലം വിദ്യാലയങ്ങൾ അവന് ഒരു പേടിസ്വപ്നമായിമാറുന്നു.

കുട്ടി കേരളത്തിൽ ജനിച്ചു വളർന്നവനാണോ.......? എങ്കിൽ സ്വാഭാവികമായും മലയാളം സംസാരിക്കാൻ സാധ്യതയുണ്ട്. എന്നാൽ മലയാളം സംസാരിക്കുന്നത് ഇപ്പോൾ കൊലക്കുറ്റത്തേക്കാൾ വലുതാണ് ചാത്തമംഗലം മൊട്ടയടി ഇതിനൊരുദാഹരണമാണ്. സ്ക്കൂളിൽ മലയാളം പറഞ്ഞാൽ തല്ല്, ഫൈൻ തുടങ്ങിയ ശിക്ഷകളാണ് അതുകൊണ്ട് ഇംഗ്ളീഷ് മീഡിയം സ്ക്കൂളിൽ പഠിക്കുന്ന കുട്ടി അബദ്ധവശാൽ ഒന്നുവീഴുമ്പോൾ നിലവിളിച്ച്കരയേണ്ടത് ഇംഗ്ളീഷിൽ വേണം അല്ലെങ്കിൽ മൊട്ടയടിക്കാൻ അവർക്ക് അധികാരമുണ്ട്. തുമ്പി


***നിഷ്കളങ്കമായ***
***ആ കുട്ടികൾ അമ്മേ***
***എന്നു വിളിക്കുമ്പോൾ***
***അതിന് ശിക്ഷ നല്കി***
***നല്ലപേരായ***
***'മമ്മി യാക്കി മാറ്റുന്നു.***
***ധാരാളം***
***മുത്തശ്ശി കഥകളും,***
***നാടൻ താരാട്ടുപാട്ടുകളും***
***കേട്ടുവളരേണ്ട***
***ഈ കുട്ടിക്ക്***
***ബാല്യത്തിന്റെ***
***നല്ല മധുരം യഥേഷ് ടം***
***നഷ്ടപ്പെടുകയാണ്.***

യെകൊണ്ട് കല്ല് എടുപ്പിക്കുന്ന വിദ്യാഭ്യാസരീതിയാണിന്ന്. കാരണം മലയാളം അവന് അന്യമാകുന്നു. കുരുന്ന് തലച്ചോറിനുള്ളിൽ ഉൾകൊള്ളാൻ കഴിയാത്ത ഒട്ടേറെ വിഷയങ്ങൾ അവനെ പഠിപ്പിക്കുന്നു ഇതുമൂലം കുട്ടി മാനസ്സികമായി തകരുന്നു പഠനം അവൻ വെറുക്കുന്നു ഇതുമൂലം ഈ കുട്ടികൾ മാനസിക വിഭ്രാന്തി ബാധിക്കുകയില്ലെന്ന് ആരുകണ്ടു. 'അമ്മ' മമ്മിയായന്നേ മരിച്ചു. ഇന്നുള്ളതിൻ ഡാഡി ജഢമാം മലയാളം.

ഇനി നമുക്ക് സാധാരണ സർക്കാർ സ്ക്കൂളുകളിലേയ്ക്ക് ഒന്നു എത്തിനോക്കാം. അവിടെ മേൽപറഞ്ഞതിലും വലിയ പരിതാപകരമാണ്. നമ്മുടെ സ്ക്കൂളുകളിൽ നിരക്ഷരരുടെ എണ്ണം ദിവസംപ്രതി വർദ്ധിക്കുകയാണ്. മലയാളം മാത്രമുള്ള സ്ക്കൂളുകൾ ആയിട്ടും അവിടെ ശരിക്കും മലയാളം അറിയുന്നില്ല, പകുതി ശരിയാണിത്,ഒരുവിധത്തിൽ പറഞ്ഞാൽ സ്ക്കൂൾ വിദ്യഭ്യാസം കഴിഞ്ഞാൽ മുക്കാൽപേരും വിവിധ ജീവിത നിലവാരത്തിലേക്ക് തിരിയുന്നു ബാക്കി ഭാഗം ഉപരിപഠനം നടക്കുന്നതിലൂടെ കരകയറുന്നു. ഈ പ്രശ്നങ്ങൾക്ക് അധ്യാപകരും രക്ഷിതാക്കളും ഒരു പോലെ കാരണക്കാരാണ് വർഷത്തിലൊരിക്കൽ പുസ്തകവും ഉടുപ്പും വാങ്ങികൊടുത്ത് തടിയൂരുന്ന രക്ഷിതാക്കൾ, അധ്യാപനം സേവനമായികാണാതെ ഉപജീവനമാർഗമായി മാത്രം കാണുന്ന അധ്യാപകർ. മക്കൾ പോകുന്നു വരുന്നു എന്നല്ലാതെ അവരുടെവിദ്യഭ്യാസത്തെ കുറിച്ച് രക്ഷിതാവ് ഒന്നുംഅറിയില്ല, ഒരിക്കലെങ്കിലും തൻെറ കുട്ടിയുടെ പഠനനിലവാരത്തെക്കുറിച്ച് അവർ അധ്യാപകരോട് സംസാരിക്കാൻ തയ്യാറല്ല.

ഇനി അധ്യാപകൻ ചെയ്യുന്നതോ അതിലേറെ രസമാണ്. ഞങ്ങളുടെ മുന്നിലിരിക്കുന്ന കുട്ടികൾ വ്യത്യസ്ഥരാണ് എന്ന സത്യം അധ്യാപകർ പലപ്പോഴുംമറക്കുന്നു എല്ലാവർക്കും വേണ്ടി ബോർഡിൽ കുത്തിക്കുറിക്കുന്നു പലരും പല രീതിയിൽ ഉൾക്കൊള്ളുന്നു, അക്ഷരങ്ങളുടെ ഉച്ചാരണത്തെക്കുറിച്ച് ആ കുട്ടികൾ ബോധവൻമാരല്ല. അധ്യാപകരുടെ ഭാഗത്ത് നിന്ന് നോക്കുമ്പോൾ അവർ കുറ്റക്കാരല്ല കാരണം ഒരു ക്ളാസ്സിൽ അമ്പതിലേറെ കുട്ടികൾ ഉണ്ടാവും അവരെ ഒന്നിച്ചു കൊണ്ടുപോവുക എന്നത് വളരെ വിഷമകരമായ കാര്യമാണ്.

ഇനി നമുക്ക് കോളേജ് തലത്തിലേക്കും ഒന്നുപാളിനോക്കാം. നമ്മുടെ കോളേജ് വിദ്യാർത്ഥി



കളിലും അക്ഷരം ശരിക്കും ഉപയോഗിക്കാൻ അറിയാത്തവരാണ്, ഒരു ചെറിയ ഉദാഹരണംപറയാം ഈ അടുത്ത ഒരു ദിവസം കോളേജ് ലൈബ്രറിയിലെ കുട്ടികളുടെ കത്ത് സൂക്ഷിക്കുന്ന സ്ഥലത്ത് ഒരു കാർഡ് കണ്ടു അതിൽ ഒരുവാചകം ഇപ്രകാരമാണ് ന്യൂബന്തമായും പങ്കെടുക്കുക .... തുടങ്ങിയത്. നിർബന്ധം എന്ന വാക്ക് ആ കത്തിൽ ന്യൂബന്തമായി മാറ്റി. ശരിക്കും നോക്കുകയാണെങ്കിൽ നമ്മുടെ വിദ്യാഭ്യാസരീതി പുരാതനമാണ്. മദാമയും സായിപ്പും പോയിട്ട് അഞ്ച് പതിറ്റാണ്ട് ആകുന്നു ഇന്നും നാം മെക്കാളെയുടെ സങ്കല്പമാണ് പിൻതുടരുന്നത്. നമ്മുടെ എല്ലാ പ്രവർത്തികളിലും നാം ഒരു യൂറോപ്യൻസമൂഹത്തെ രൂപപ്പെടുത്തുകയാണ്. മെക്കാളെയുടെ ലക്ഷ്യത്തെ സ്വാതന്ത്ര്യത്തിനുശേഷം നാം ഒരു പുനർ മൂല്ല്യനിർണ്ണയം നടത്തുന്നതിന് ശ്രമിച്ചിട്ടില്ലാ..... എന്നാണ് എൻെറ വിശ്വാസം.

ഏതുകാര്യത്തിനും മറ്റൊന്നുമായി താരതമ്യപ്പെടുത്തുന്ന പരാശ്രയത്വം നമ്മുടെ ഭാഷയെ വികലമാക്കുന്നുണ്ട്. ഒരാൾ (ചിലർ) ഏതു വിഷയത്തെക്കുറിച്ചുപറയുമ്പോഴും പടി


ഞാൻ ഉദാഹരണങ്ങൾനിരത്തുന്ന രീതി നാം ആദ്യം മാറ്റണം ഇവിടെ കിട്ടാവുന്ന നല്ല തുകളുടെ അന്വേഷകരാവണം നമ്മൾ, എല്ലാ രീതിയിലുളള ഭാസ്യമനോഭാവം നാം ഉപേക്ഷിക്കണം. നമ്മൾ ഈ മണ്ണിൻെറ സുഗന്ധത്തിലേക്ക് ചെന്ന് നമ്മുടെ മനസ്സു തുറന്നു വെയ്ക്കാൻശ്രമിക്കുക. നമ്മെ നിരന്തരം പിടലിക്കുപിടിക്കുന്ന ഉപഭോഗസംസ്ക്കാരം തന്നെയാണ് നമ്മുടെ തായ്‌വേരുകൾ മുറിക്കുന്നതിൽ വ്യഗ്രത പൂണ്ടിരിക്കുന്നത്. അമിതമായ ഇംഗ്ളീഷ് പ്രേമം നല്ലൊരു പ്രശ്നം സൃഷ്ടിക്കുന്നു ഇതിൽ ഇംഗ്ളീഷ് പാണ്ഡിത്യം ഇല്ലാത്തവരാണ് ദുരിതമനുഭവിക്കുക. കാരണം ഭരണ ഭാഷ മലയാളമല്ല, അവിടെ സായിപ്പിൻെറ ഭാഷയാണ് സംസാരിക്കുന്നത്. അധികാരി മേലാളൻമാർ കാര്യങ്ങൾ ഇംഗ്ളീഷിൽ തട്ടിവിടും സാധാരണക്കാരായ ആളുകൾ വായും തുറന്ന് കണ്ണ് മിഴിച്ചു പോവും ഇത് മാറ്റാൻ വഴിയുണ്ട് അല്പം ബുദ്ധിമുട്ടിയ പണിയാണ് ഭരണഭാഷയും, വിദ്യഭ്യാസഭാഷയും എന്തുകൊണ്ട് മലയാളത്തിൽ ആക്കാൻ കഴിയുന്നില്ല പെട്ടെന്ന് ഇങ്ങനെ മാറ്റുകയാണങ്കിൽ അത് ഒരു തുഗ്ളക്ക് ഭരണ പരിഷ്ക്കാരമായി തോന്നും.

ഇന്നത്തെ ഈ വിദ്യാഭ്യാസരീതി ആകെയൊന്ന് ഉടച്ചുവാർക്കേണ്ട ആവശ്യം വന്നിരിക്കുന്നു. ഇംഗ്ളീഷ്, സയൻസ്, ഹിസ്റ്ററി, ഹിന്ദി — അങ്ങനെയുള്ള വിഷയം പഠിക്കാൻ നിർബന്ധമാണ്. എന്നാൽ നമ്മുടെ മാതൃഭാഷ അവിടെയില്ല. പകരം മറ്റെന്തങ്കിലും ആവാം കേരളത്തിൽ മാതൃഭാഷക്ക് യാതൊരു സ്ഥാനവുമില്ല അവിടെ സായിപ്പിൻെറ ഭാഷയ്ക്കാണ് പ്രധാന്യം. ഇവിടെ നമ്മുടെ ഭാഷയ്ക്ക് രണ്ടാം സ്ഥാനം അതായത് ഉപപാഠമായി മലയാളം ഉണ്ട് വേണമെങ്കിൽ എടുക്കാം എന്ന ഉദ്ദേശ്യത്തോടുകൂടി അങ്ങനെയെങ്കിൽ മലയാളം നിർബന്ധിത വിഷയമാക്കി പഠിപ്പിക്കുക. അതുവരെ പാഠപുസ്തകം മലയാളം മാത്രം മതി. അടുത്ത ഘട്ടം അഞ്ചു മുതൽ പത്ത് വരെ മലയാളത്തോടൊപ്പം ഇംഗ്ളീഷ്, ഹിന്ദി,—— തുടങ്ങിയ ഭാഷയും പഠിപ്പിക്കുക, തുടർന്ന് സർവ്വകലാശാലകളിൽ ഏതെങ്കിലും ഒരു വിഷയത്തിലുള്ള ഏകാഗ്രപഠനത്തിനാവണം ശ്രമിക്കേണ്ടത് ഇപ്പോഴത്തെ രീതിയാണെങ്കിൽ ഒരു കുട്ടിയ്ക്കു വ്യക്തമായി ഒന്നും പഠിപ്പിക്കാൻ കഴിയില്ല.

ഒരു വിധത്തിൽ നമ്മുടെ ഭാഷയെ മലിനമാക്കുന്ന ഒരു പത്രഭാഷാ സംസ്കാരവും വളർന്നുവരു

ന്നുണ്ട്. അധികമാധ്യമങ്ങളും വരേണ്യ വർഗ്ഗ സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുന്നു അതുമൂലം ചുരിദാറിലും, ജീൻസിലും— മൊക്കെയാണ് നമ്മുടെ നിലവാരം എന്ന് യുവതലമുറ ധരിച്ചിരിക്കുകയാണ്. മനുഷ്യനെ മൃഗാതീതനാക്കി മാറ്റുന്നത് ഭാഷയാണ്. അതുകൊണ്ടാണ് മുലപ്പാൽ പോലെയാണ് നമുക്ക് ഭാഷയും. ലോകത്താകെ മൂവ്വായിരത്തിലേറെ ഭാഷയുണ്ട് പ്രാധാന്യമനുസരിച്ച് അതിൽ മുപ്പത്തഞ്ചു ഭാഷ പരിഗണിച്ചാൽ അവയിലൊന്ന് മലയാളമാണ് എന്ന സത്യം കേരളീയർ ആരും അറിയുന്നില്ല ഇന്ന് പലതരം തെറ്റുകൾ ആവർത്തിക്കുകയാണ്. നമ്മുടെ വേദമന്ത്രങ്ങൾ ടേപ്പ് റിക്കോർഡറിലാക്കി വിദേശ ലൈബ്രറികളിലും, മ്യൂസിയങ്ങളിലുമെത്തിക്കാൻ വേണ്ടി ഗവൺമെൻറ് നിയോഗിക്കുന്ന സായിപ്പിനെ നാം വാദ്യഘോഷങ്ങൾ ഉയർത്തി സ്വീകരിച്ചാനയിക്കുന്നത്. ഇതൊക്കെ വലിയ അഭിമാനമായിട്ടാണ് ജനങ്ങൾ കരുതുന്നത്. നമ്മളെഗ്രസിക്കുന്ന ആഗോളപരിഷ്കൃതിയെ നാം ശക്തിയായി പ്രതിരോധിക്കണം. നാം നമ്മുടെ ഭൂതകാലത്തെ കുറിച്ച് സത്യസന്ധമായ തീക്ഷണതയോടെ അന്വേഷണം നടത്തേണ്ടിയിരിക്കുന്നു കൊലോണിയലിസത്തിൻെറ വരവ് ഭാഷാപരമായി ഒരുപാടു തെറ്റിദ്ധാരണകൾക്ക് കാരണമായി. പണ്ട് 'പെണ്ണ്പെറ്റു' എന്നു പറഞ്ഞിരുന്ന ആ അവസ്ഥ പിന്നീട് 'ഭാര്യ പ്രസവിച്ചു' യെന്നും ഇപ്പോൾ 'വൈഫിൻെറ ഡലിവറി' എന്നും പറയുന്ന പുരോഗ തിയാണ് ഇവിടെ നേടിയെടുത്തത്. കൊളോണിയലിസത്തൻെറ വരവ് നമ്മുടെ ശാസനത്തെപ്പോലും അത് നിയന്ത്രണത്തിലാക്കിമാറ്റുന്നു.

ഇങ്ങനെയൊക്കെ മലയാള ഭാഷയെ പുകഴ്ത്തിപറഞ്ഞതിൽ അന്യവായനകാർക്ക് എന്നോട് കലശമായ വെറുപ്പ് പ്രകടമാവാം. എന്നാൽ ഞാൻ ഒരു ഭാഷാസ്നേഹിയല്ലതാനും. എങ്കിലും പലതരം ഭാഷകളുടെ ഇടയിൽപെട്ട നമ്മുടെ ഭാഷയെ മോചിപ്പിക്കേണ്ടത് നമ്മുടെ ആവശ്യമായി തോന്നാറുണ്ട്. മലയാളമാണ് ലോകത്തിൽ വെച്ച് ഏറ്റവും സൗന്ദര്യമുള്ള ഭാഷ എന്ന ബോധം എൻെറ മനസ്സിൽ ഇല്ല എന്നു പറയുന്നവർ ചുരുക്കം. ആളുകൾ തങ്ങളുടെ കുട്ടികളെ ബാല്യം മുതൽ തന്നെ ഇംഗ്ലീഷ് പഠിപ്പിക്കുന്നു. നമ്മുടെ സംസ്ക്കാരത്തിന് രോഗം ബാധിച്ചിരിക്കുന്നു. പുതിയ സംസ്ക്കാരം ഉയർത്തെണീക്കുകയാണ്. (പാശ്ചാത്യസംസ്ക്കാരം) കേരളത്തിൻെറ സംസ്ക്കാരത്തെ




മറ്റുള്ളവർ പുകഴ്ത്തുമ്പോൾ നാം പുച്ഛിക്കുന്നു.! ഓരോരുത്തരും അവരവരുടെ സംസ്ക്കാരത്തെ പിടിമുറുക്കുകയാണ് എന്നാൽ നമ്മൾ അതിനു വിപരീതമാണ്. രവീന്ദ്രനാഥടാഗോറിൻെറ വരികൾ „ഇവിടെ ആദരണീയമായി തോന്നാം തമിഴനുവേണ്ടി അവർ സ്വന്തം ജീവൻ ബലികഴിക്കാൻ തയ്യാറാണ്! മറിച്ച് നമ്മളോ! സായിപ്പാൻെറ ഭാഷയെ ദൈവത്തെപോലെ പൂവിട്ട് പൂജിക്കുന്നു.

വിശ്വസാഹിത്യവേദിയിൽ പരേതനായ ശ്രീ വൈക്കം മുഹമ്മദ് ബഷീർ പ്രശസ്തനായത് മലയാളം കൊണ്ട് തന്നെയാണ്. അടൂർ ഗോപാലകൃഷ്ണൻ, ഷാജി, അരവിന്ദൻ തുടങ്ങിയവർ ചലചിത്രരംഗത്ത് വ്യക്തിമുദ്രപതിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദി മലയാളമാണ്. വളരെയധികം അതുല്യ പ്രതിഭകൾക്ക ജന്മം നല്കിയ കേരളത്തിൽ ഇനിയും പുതിയ വ്യക്തിമുദ്ര പതിപ്പിക്കാൻ ശക്തരായവർ മലയാളത്തിൽ നാമ്പെടുക്കുമെന്നു കരുതാം. 1991 ഏപ്രിൽ 18 കേരളത്തിൻെറ സാംസ്ക്കാരിക ചരിത്രത്തിൽ സ്വർണ്ണലിപികളിൽ കുറിക്കപെട്ട സുദിനം. ഏറനാടൻ ഗ്രാമത്തിൽ അടുക്കളയിലെ പുകയേറ്റു കരിഞ്ഞുകിടക്കന്ന ചോലക്കാടൻ ആയിഷതാത്ത മാനാഞ്ചിറ മൈതാനത്ത് നിറഞ്ഞ് നിന്ന ജനക്കൂട്ടത്തെ സാക്ഷിനിർത്തി നമ്മുടെ കൊച്ചു കേരളം സമ്പൂർണ്ണ സാക്ഷരത നേടിയതായി പ്രഖ്യാപിച്ചു. ഇന്ത്യയുടെ സാംസ്ക്കാരിക നായകരെ സാക്ഷിനിർത്തി അത് പ്രഖ്യാപിച്ചു ഈ ചടങ്ങിൽ പങ്കെടുത്ത ശ്രീ സുകുമാർ അഴീക്കോട് പറഞ്ഞു ഇന്നുമുതൽ കേരളം കൊച്ചു കേരളമല്ല ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമായി മാറിയിരിക്കുകയാണ് എന്ന് ഇവിടെ ഒരു വ്യക്തമായി നമ്മൾ സാക്ഷരരായത് ഇംഗ്ളീഷിലല്ല മലയാളം പഠിച്ചാണ് ആ കാര്യത്തിലെങ്കിലും ആരും മലയാളത്തെ പുച്ഛിക്കില്ലെന്ന് നമുക്ക് അഭിമാനത്തോടെ ഓർക്കാം.

താഴ്വേരറ്റുപോയ ഒരാൽമരത്തിൻെറ അവസ്ഥയാണ് ഇന്ന് നമ്മുടെ ഭാഷയിൽ കാണാനാകുന്നത് മാതൃഭാഷക്ക് ഒന്നാം സ്ഥാനം നൽകണമെന്ന് മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ള ആ അറിവെങ്കിലും കേരളീയർ നേടേണ്ടതുണ്ട്. അർത്ഥപൂർണ്ണമായ ദൈവവിശ്വാസം മതവിശ്വാസികൾക്കുകൂടി നഷ്ടപ്പെട്ട ഒരു കാലമാകുന്നു. നമ്മുടേത് നിരീശ്വരന്മാരായ ഈശ്വരന്മാരുടെ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് ഇവിടെ കുടുംബബന്ധങ്ങൾ പോലും കച്ചവടവൽക്കരിക്കുകയാണ്.

"വേണമോ തലയിൽ രോമം
എങ്കിൽ മലയാളം വെടിയുക
തുള്ളലും, കഥകളിയും, കൂത്തും
രാമായണവും മഹാഭാരതവും
മൊക്കെയുംആംഗലേയത്തിലാ
കണം"

എത്രയൊക്കെ പുച്ചിച്ചു തള്ളിയാലും മലയാള ഭാഷ ഒരു ആഴിപോലെയാണ്. അതിൽ പലതരം വിലപ്പെട്ട വസ്തുക്കൾ ഉണ്ട് ഇതിൻെറ അടിത്തട്ടിലേക്കിറങ്ങിച്ചെന്നവർ ഒരിക്കലും നിരാശരായി മടങ്ങിയിട്ടില്ല വിലപിടിച്ച അനേകം മുത്തുകൾ വാരാൻ കഴിഞ്ഞിട്ടേയുള്ളൂ.

നജീബ. എം. ടി
ഒന്നാം വർഷ മലയാളം.

# മാറുന്ന വിദ്യാഭ്യാസ മേഖല

**കാ**ലമാകുന്ന രഥചക്രം അതിന്റെ ജൈത്രയാത്ര തുടരുകയാണ്. അതോടൊപ്പം നാനാമേഖലയിലും വികസനം നടന്നുകൊണ്ടിരിക്കുന്നു. സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിലെല്ലാം ഈ മാറ്റം ദൃശ്യവും അനുഭവേദ്യവുമാണ്. ഇത്തരം മാറ്റങ്ങൾ നമ്മിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ അടിസ്ഥാനത്തിലാണ് അവയെല്ലാം അംഗീകരിക്കാവുന്നതാണോ അല്ലയോ എന്ന് വിലയിരുത്തേണ്ടത്. സാമുഹ്യ സാംസ്കാരിക രംഗങ്ങളിൽ നാം കൈവരിച്ച നേട്ടം അതുല്യമാണ്. ഈ രംഗങ്ങളിലെല്ലാം വ്യതിയാനങ്ങൾ പ്രകടിപ്പിച്ച് മാനവർ അവരുടെ യാത്ര സധൈര്യം തുടരുന്നു.

വിദ്യാഭ്യാസ മേഖലയിൽ നാം കൈവരിച്ച മാറ്റങ്ങൾ എന്തൊക്കെയാണെന്ന് ചിന്തിക്കാം. ഒരു കാലത്ത് വിദ്യ തേടി അലഞ്ഞ് തന്റെ ഗുരുവിനെ കണ്ടെത്താനുള്ള വെമ്പലിലായിരുന്നു ഒരു പറ്റം വിജ്ഞാനദാഹികൾ. അവർ സ്വഗുരുക്കൻമാരുടെ കൂടെ രാപകൽ ഭേദമന്യേ താമസിച്ച് വേദ പഠനം നടത്തുകയായിരുന്നു ചെയ്തത്. ഇത്തരുണത്തിൽ പഠനം നടത്തിയ ആ ശിഷ്യഗണങ്ങൾ സമൂഹത്തിൽ എങ്ങനെ ജീവിക്കാൻ പ്രാപ്തമായി എന്നത് ചിന്തനീയമാണ്. തന്റെ ഗുരുവിന്റെ ആജ്ഞ എന്തു തന്നെയായിരുന്നാലും യാതൊരു വൈമുഖ്യവുമില്ലാതെ പാലിക്കാൻ സന്നദ്ധരായിരുന്ന ഒരു വിഭാഗമായിരുന്നു അത്. കൺമുന്നിൽക്കാണുന്ന ദൈവമായി ഗുരുവിനെ ആരാധിച്ചിരുന്നു. ജ്ഞാന തൃഷ്ണയുള്ള അവരുടെ വിജ്ഞാനമണ്ഡലം വളരെ വിശാലവും അഗാധവുമായിരുന്നു.

എന്നാൽ ഈ ശാസ്ത്ര സാങ്കേതിക യുഗത്തിലെ വിദ്യാഭ്യാസവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ എവിടെയൊക്കെയാണ് മൂല്യച്യുതി സംഭവിച്ചതെന്ന് പരിശോധനാർഹമാണ്. അന്ന് വിദ്യ തേടി അലഞ്ഞിരുന്ന ശിഷ്യഗണങ്ങളായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഇന്നത്തെ സ്ഥിതി എന്താണ്? ഇന്ന് വിദ്യയാണ് ശിഷ്യഗണങ്ങളെ അന്വേഷിച്ച് വരുന്നത്. ഇന്ന് ഒരാൾക്കും തനിക്ക് വിദ്യ എവിടെ നിന്നാണ് ലഭിക്കുക എന്നോ താൻ അതിന് യോഗ്യനാണോ എന്ന് നിനച്ചിരിക്കേണ്ട യാതൊരാവശ്യവുമില്ല. അതിനാൽ ഇന്ന് വിദ്യ എല്ലാവർക്കും ലഭ്യമാണ്. എന്നാൽ, ഈ വിദ്യാഭ്യാസത്തിലെ മൂല്യങ്ങൾ ചോർന്നു പോയോ?

*നാവിന്റെ തുമ്പത്ത് 'ഹരിശ്രീ' കുറിച്ച് തന്ന ആചാര്യനെ; ജീവിതത്തിന്റെ കല്പ്പടവുകൾ ചവിട്ടി മുന്നോട്ടു കുതിക്കുമ്പോൾ നാം എന്നുമെന്നും സ്മരിക്കണം. ഇതിന്ന് സ്വപ്നങ്ങളിലെ താളുകൾ മാത്രമാണ്.*

ഒരു കാലത്ത് ഗുരുവിനെ കൺമുന്നിൽക്കാണുന്ന ദൈവമായി ആരാധിച്ചിരുന്ന വിദ്യാർത്ഥിജനത ഇന്ന് ആ സ്ഥാനത്ത് എത്രമാത്രം വിലയാണ് കല്പിക്കുന്നതെന്ന് നിത്യസംഭവങ്ങളിൽ നിന്ന് നമുക്കെല്ലാം മനസ്സിലാക്കാവുന്നതാണ്. കേവലം തന്റെ രാഷ്ട്രീയ നേതാക്കൻമാർക്ക് പോലും നല്കുന്ന പരിഗണന തനിക്ക് ഹരിശ്രീ കുറിച്ചു തരുന്ന ഗുരുവിന് നൽകാൻ അവർ വൈമനസ്യം പ്രകടിപ്പിക്കുന്നു. ഇതിൽ എന്താണ് നമുക്ക് പറ്റിയ ച്യുതി? ഗുരുക്കൻമാരുടെ വാക്കുകൾ 'മനസാവാചാകർമണാ ' നിർവഹിച്ചിരുന്ന ശിഷ്യൻമാരുടെ സ്ഥാനത്ത് ഇന്നത്തെ ശിഷ്യൻമാർ മുഖത്ത് നോക്കി എന്ത് തെറി വിളിക്കാനും മടിക്കില്ല. എന്തിനേറെ പറയുന്നു, അധ്യാപകൻ ശിക്ഷിച്ചാൽ അതിലിരട്ടി അധ്യാപകനെയും ശിക്ഷിക്കാൻ പര്യാപ്തമായ ഒരു വിഭാഗമാണ് ഈ യുഗത്തിന്റെ സൃഷ്ടികൾ. ഇതിന്റെ മുഖ്യകാരണം രാഷ്ട്രീയത്തിന്റെ അതിപ്രസരമാണെന്ന് മനസ്സിലാക്കാം. അക്രമ രാഷ്ട്രീയത്തിന്റെ വക്താക്കളാണ് വിദ്യാർത്ഥികളുടെ ചുക്കാൻ പിടിക്കുന്നത്.

ഒരു കാലത്ത് സ്വഭാവ രൂപവല്ക്കരണത്തിനുംതൊഴിലിനും മഹാത്മ്യം കല്പിച്ചിരുന്ന വിദ്യാഭ്യാസം ഇന്ന് ആകെ കുത്തഴിഞ്ഞിരിക്കുകയാണ്. ഒരുവൻ വിദ്യാസമ്പന്നനാവുന്നത് അവൻ നേടിയ ജ്ഞാനം കൊണ്ടോ, റാങ്ക് കൊണ്ടോ മാത്രമല്ല. മറിച്ച് ഒരു സമൂഹത്തിൽ അവന്റെ സ്വഭാവം എന്താണ് എന്നതാണ് നോക്കേണ്ടത്. എന്നാൽ വിദ്യാസമ്പന്നരെന്ന് അവകാശപ്പെടുന്നവർ ഇന്ന് സമൂഹത്തിൽ സ്വഭാവകാര്യത്തിൽ അജ്ഞരാണ്. ചിട്ടയായ ജീവിതവും അജ്ഞാതമായ അവർ കേവലം ഒരു യന്ത്രമായിത്തീരാൻ വെമ്പൽ കൊള്ളുകയാണ്.

തൊഴിലിന് ഒരു കാലത്ത് നല്കിയ മഹാത്മ്യം ഇന്ന് എവിടെപ്പോയി? തൊഴിലിനോടൊപ്പമാണ് വിദ്യാഭ്യാസത്തിനും പ്രാധാന്യം നല്കിയിരുന്നത്.എന്നാൽ സമൂഹത്തിൽ ഇന്ന് വിദ്യാഭ്യാസത്തിന് മാത്രമാണ് പ്രാധാന്യം. അതും ഒരു 'വെള്ളക്കോളർ' ജോലിക്കാരനാവാനും. ഒരു തൊഴിലിലെങ്കിലും നൈപുണ്യം നേടാതെ ഒരു കുട്ടി സ്കൂൾ വിട്ട് പുറത്തുവരരുതെന്ന് പറഞ്ഞ ഗാന്ധിജിയുടെ നാട്ടിലല്ലേ ഇത്തരം അവജ്ഞ നടക്കുന്നത്? വിദ്യാഭ്യാസം എന്നതു തന്റെ ഒരു ശിശുവിന്റെ നാനാമേഖലയിലുമുള്ള വികാസം എന്നാണ് ഗാന്ധിജി നിർവ്വചിച്ചത്. എന്നാൽ ഇത്തരം തത്വങ്ങളെല്ലാം കാറ്റിൽ പറത്തി നിയമം അട്ടിമറിച്ച് വിദ്യാഭ്യാസരംഗത്ത് താറുമാറാക്കുകയാണ് ആധുനിക യുഗത്തിന്റെ സൃഷ്ടികൾ.എല്ലാവരും ആഗ്രഹിക്കുന്നത് 'സാഗരത്തിൽ കുറിച്ച' അറിവ് മാത്രം നേടണമെന്നാണ്. സാക്ഷരതയിൽ ഒന്നാം സ്ഥാനത്തെത്തിയ നമ്മുടെ സംസ്ഥാനത്ത് ശിശുക്കളുടെ നാനാമേഖലയിലുമുള്ള വികാസം നടക്കുന്നുണ്ടോ?

ഏതൊരു കലാലയത്തിലും ഇന്ന് നാലു ചുമരുകൾക്കുള്ളിൽ കുരുന്നു മനസ്സിനെ മയക്കിയെടുത്ത് 'തത്തമ്മേ പൂച്ച പൂച്ച' എന്ന നിലയിൽ പുസ്തകത്താളുകളിൽ കുറിച്ചിട്ട വാക്കുകൾ ഉരുവിടുകയല്ലേ ചെയ്യുന്നത്? അതിലപ്പുറം വികസിതമായ ഒന്നും തന്നെ അവർക്ക് ലഭിക്കുന്നില്ല. ഇതിനുത്തരവാദികൾ ആരാണ്? വിദ്യാർത്ഥി സമൂഹത്തിനും, അധ്യാപകർക്കും ഇതിൽ നിന്ന് ഒഴിഞ്ഞുമാറാൻ സാധ്യമല്ല. തങ്ങളുടെ ജോലി കേവലം വാക്കുകൾ കുരുന്നു മനസ്സിൽ പിടിപ്പിക്കുകയെന്ന ധാരണ ചില അധ്യാപകരിൽ കടന്നു കൂടിയിരിക്കുന്നു. എന്നാൽ വിദ്യാർത്ഥികളും അധ്യാപകരും ഒന്നിച്ചു യത്നിച്ചാൽ നമ്മളിൽ നിന്നും അന്യമായ ധർമ്മങ്ങൾ വീണ്ടെടുക്കാം. ●

രജിത് എൻ. കെ.

ബി. എ. സോഷ്യോളജി, മൂന്നാം വർഷം.

# പുരാവൃത്തങ്ങളിലെ നിഗൂഢ തന്ത്രം

***മാവേലിയുടെ കഥ : ഈ കഥയിലൂടെ അവർ ചെയ്യുന്നത് ഭൂമിയുടെ അവകാശം ബ്രാഹ്മണരിൽ നിക്ഷിപ്തമാക്കുകയാണ്....... ആര്യനാക്രമണം വെച്ച് നോക്കുമ്പോൾ ഇവിടെ നിലനിന്നിരുന്ന ദ്രാവിഢ ജനവിഭാഗത്തെ അഥവാ ആദിമനിവാസികളെ ആക്രമിക്കുകയും കീഴടക്കുകയുമാണ് ചെയ്തത്.***

കേരളചരിത്രം ഏറെ ശ്രദ്ധിക്കപ്പെടേണ്ട വിഷയമായി തീർന്നിരിക്കുന്നു. കേരളത്തിൻെറ ഉത്ഭവത്തെപ്പറ്റി ഇന്നും നില നിൽക്കുന്നത് പരശുരാമകഥയാണ്. ടാബ്ലോകളിലും സ്മാരകങ്ങളിലും ചരിത്ര പ്രദർശനങ്ങളിലും കൊച്ചുകുട്ടികളുടെ പാഠപുസ്തകങ്ങളിലും റേഡിയോവിലും, ദൂരദർശനിലും എല്ലാം കേരളത്തിൻെറ ഉത്ഭവത്തെ പ്രതിനിധീകരിക്കുന്നത് പരശുരാമനും മഴുവുമാണ്. ഇടപ്പള്ളിയിലെ ചരിത്രമ്യൂസിയത്തിൻെറ കവാടത്തിൽ ഇപ്പോഴും നിലനിൽക്കുന്നത് കേരളം സൃഷ്ടിക്കാനൊരുങ്ങുന്ന പരശുരാമനാണ്. വർഷംതോറും പതിനായിരക്കണക്കിനു കുട്ടികളെ കേരളചരിത്രത്തെപ്പറ്റി പഠിക്കുവാനും ചരിത്രദൃശ്യം കാണിക്കുവാനും ഇവിടേക്കാണ് കൊണ്ടു പോകപ്പെടുന്നത്. ഇവിടെ എത്തിപ്പെടുന്ന പിഞ്ചുകുട്ടികളുടെ മനസ്സിൽ ഇതിലൂടെ പരശുരാമ ഐതിഹ്യം അരക്കിട്ടുറപ്പിക്കപ്പെടുന്നു. അങ്ങനെ അവർ യഥാർത്ഥ ചരിത്രത്തിൽ നിന്നും വ്യതിചലിക്കപ്പെടുകയും അവരുടെ കൊച്ചു മനസ്സിൽ കേരളത്തിൻെറ ഉത്ഭവകാരണമായി പരശുരാമൻെറ ഒരു കൊച്ചു ചിത്രം രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഇന്ന് സർവ്വകലാശാലാതലത്തിൽ പോലും ചരിത്രമെന്ന പേരിൽ പഠിപ്പിക്കപ്പെടുന്നത് ഇത്തരം അസംബന്ധങ്ങളാണ്.

ഈ അതിപ്രസരത്തിനുകാരണം പരശുരാമകഥയിലൂടെ ഗുണഫലമനുഭവിച്ച അല്ലെങ്കിൽ അനുഭവിക്കുന്ന ബ്രാമണരുടെ ആധിപത്യമാണ് അഥവാ സവർണ്ണാധിപത്യമാണ് ഇന്ന് ഇന്ത്യയുടെ രാഷ്ട്രിയ-സാമ്പത്തിക-സാമൂഹിക മേഖലകൾ എടുത്തു പരിശോധിച്ചാൽ എല്ലാ യിടത്തും സവർണ്ണാധിപത്യം നിലനിൽ ക്കുന്നതുകണാം. ഉദാഹരണത്തിന് മിനിസ്ടിഡിപ്പാർട്ടുമെൻറിലെ ഫസ്റ്റ് ക്ലാസ്സ് ഉദ്യോഗം നമുക്കൊന്ന് പരിശോധനക്ക് വിധേയമാക്കാം (ചാർട്ട് നോക്കുക). ഇതിൽനിന്നും ജനസംഖ്യയിൽ 15% ത്തോളം മാത്രംവരുന്ന സവർണ്ണ ജനവിഭാഗങ്ങളുടെ ആധിപത്യം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാം.

പരശുരാമകഥകളിലൂടെയും മറ്റും കേരളത്തിൻെറ ഉടമസ്ഥാവകാശം നേടുകയാണ് ഇവർ ചെയ്യുന്നത്. ഇത്തരം കഥകൾ പ്രചരിപ്പിക്കുന്നതിൽ പുരോഗ മനവാദികൾ എന്ന് സ്വയം അഭിമാനിക്കുന്നവരും പിന്നിലല്ല. കേരള സംസ്ഥാനം മഴുവെറിഞ്ഞുണ്ടാക്കിയതാണെന്ന ഐതിഹ്യത്തിലെ മുഖ്യകഥാപാത്രവും, തൻെറ മഴുകൊണ്ട് ലോകത്തുള്ള സകല ക്ഷത്രിയരെയും കൊല്ലുകയും ആ മഴു കടലിൽ എറിഞ്ഞു നേടിയ കേരളം ബ്രാഹ്മണർക്ക് ദാനം ചെയ്തു എന്നും പറയപ്പെടുന്ന ബ്രാഹ്മണനായകനായ പരശുരാമൻെറ വിഗ്രഹം ബെയ്ജിങ്ങിൽ വെച്ച് E.M.S നമ്പൂതിരിപ്പാട് മാവോ സേതൂങ്ങിനു സമ്മാനിക്കുകയുണ്ടായി. ഇതിൽ നിന്നുംവ്യക്തമാവുന്നത് പുരോഗമനവാദിയെന്ന് സ്വയം അവകാശപ്പെടുന്ന E.M.Sഉം ഇത്തരം ഐതിഹ്യങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് ബ്രാഹ്മണതാൽപര്യം സംരക്ഷിക്കുകയാണ്.

പരശുരാമൻെറ ഐതിഹ്യം ചുരുക്കത്തിൽ ഒന്ന് കണ്ണോടിക്കാം. മഹാവിഷ്ണുവിൻെറ നാഭീനളിനത്തിൽ നിന്നും ബ്രഹ്മാവ്, ബ്രഹ്മാവിൽ നിന്ന് ഭൃഗു, ഭൃഗുവിൽനിന്ന് ച്യവനൻ, ച്യവന പുത്രൻ ഊർവ്വൻ, ഊർവ്വൻ ഋചീകനെ സൃഷ്ടിച്ചു. ഋചീകൻെറ പുത്രനായ ജമഗ്നിയുടെ ആജ്ഞയനുസരിച്ച് തൻെറ മഴുകൊണ്ട് മാതാവിൻെറ ശിരസ്സു ഛേദിക്കുകയും ഈ ആജ്ഞാനുസരണത്തിൻെറ ലഭിച്ചവരത്താൽ മാതാവിനെ വീണ്ടും ജീവിപ്പിക്കുകയും ചെയ്യുന്നു. അതു പോലെ കാർത്തവീര്യസഹസ്രാർജ്ജുനൻ ജമഗ്നിയുടെ കാമധേനുവിൻെറ കുട്ടിയെ മോഷ്ടിച്ചതിന് അദ്ദേഹത്തെ വധിച്ചു. പിന്നീട് സഹസ്രാർജ്ജുനൻെറ പുത്രൻമാർ പരശുരാമൻെറ അസാന്നിദ്ധ്യത്തിൽ ജമഗ്നിയെ കൊന്നു. പ്രതികാരമായി പരശുരാമൻ ഭൂമിയെ 21 പ്രാവശ്യം ക്ഷത്രിയവിഹീനമാക്കി. ഇതിൽനിന്നും മോക്ഷം ലഭിക്കാൻ വേണ്ടി ഭൂമി കശ്യപന് നൽകുകയും പിന്നീട് കാശ്യപൻെറ ആവശ്യാർത്ഥം പരശുരാമൻ വെൺമഴുകൊണ്ട് പടിഞ്ഞാറെ സമുദ്രത്തിൽ വടക്കോട്ടെറിഞ്ഞതിൻെറ ഫലമായി ഗോകർണ്ണത്തിൽ ചെന്നുവീഴുകയും അത്രയും ഭാഗം കടൽ പിന്മാറുകയും അതാണ് കേരളം ആയിത്തീർന്നത് എന്നാണ് ഐതിഹ്യം.

| | മിനിസ് ട്രിഡിപ്പ ാർട്ടുമെൻറ് | ആകെഉദ്യോഗം | ബ്രാപമണരും ഉയർന്ന ജാതികളും |
|---|---|---|---|
| 1. | രാഷ്ട്രപതിയുടെ സെക്രട്ടറിയറ്റ് | 49 | 45 |
| 2. | ഉപരാഷ്ട്രപതിയുടെ സെക്രട്ടറിയേറ്റ് | 7 | 7 |
| 3. | പ്രധാനമന്ത്രിയുടെ ഓഫീസ് | 35 | 32 |
| 4. | ഡിഫൻസ്വകുപ്പ് | 1379 | 1332 |
| 5. | വിദ്യാഭ്യാസവും, സാമൂഹ്യക്ഷേമവും | 259 | 238 |
| 6. | ധനകാര്യവകുപ്പ് | 1008 | 941 |
| 7. | വ്യവസായ വകുപ്പ് | 169 | 150 |
| 8. | ഇൻഫർമേഷൻസും വാർത്താ വിനിമയവും | 2506 | 2170 |
| 9. | തൊഴിൽ വകുപ്പ് | 74 | 70 |
| 10. | പ്ളാനിങ്ങ് വകുപ്പ് | 1262 | 1053 |
| 11. | സയൻസ് & ടെക്നോളജി | 10 | 195 |
| 12. | ടൂറിസം & സിവിൽ | 1189 | 1106 |
| | ആകെ | 8038 | 7239 |

ഇനി ഇവിടെ നിലനിൽക്കുന്ന മറ്റൊരു ഐതിഹ്യം നമുക്ക് പരിശോധിക്കാം. കേരളം ഭരിച്ച ചക്രവർത്തിയായിരുന്നു മാവേലി. അദ്ദേഹത്തിൻെറ ഭരണകാലത്ത് കളവോ, ചതിയോ, വർണ്ണ വർഗ്ഗവ്യത്യാസമോ നിലനിന്നിരുന്നില്ല. ഇതിൽ അസൂയാലുക്കളായ ദേവന്മാർ മഹാവിഷ്ണുവിനോട് സങ്കടം പറയുകയും അതനുസരിച്ച് വിഷ്ണു വാമനനെന്ന ബ്രാഹ്മണനായി ജനിക്കുകയും മാവേലിയോട് മൂന്നടി മണ്ണ് യാചിക്കുകയും അത് അളന്നെടുക്കാൻ ദാനശീലനായ ചക്രവർത്തി അനുവദിച്ചതോടുകൂടി വാമനൻ തൻെറ ശരീരം വലുതാക്കുകയും തുടർന്ന് ഭൂമിയും സ്വർഗ്ഗവും അളന്നെടുക്കുകയും മൂന്നാമത്തെ അടി അളക്കാൻ സ്ഥലമില്ലാത്തതിനാൽ ചക്രവർത്തി തൻെറ തല കാണിച്ചു കൊടുക്കുകയും തൽക്ഷണം മാവേലിയെ വാമനൻ പാ താളത്തിലേക്ക് ചവിട്ടി താഴ്ത്തുകയും ചെയ്തു. ഇതാണ് ഐതിഹ്യം.

**ഈ കഥയിലൂടെയും അവർ ചെയ്യുന്നത് ഭൂമിയുടെ അവകാശം ബ്രാഹ്മണരിൽ നിക്ഷിപ്തമാക്കുകയാണ്. മാവേ ലി വാമനന് ദാനമായി കൊടുക്കപ്പെട്ടു എന്നാണ് ഇവർ പറയുന്നത്. മാവേലി സത്യസന്ധനും സമത്വഭരണം കാഴ്ച വെച്ച ആളുമാണെന്ന് ഇവർ സമ്മതിക്കുന്നു. അങ്ങിനെയുള്ള മാവേലിയെ ചവിട്ടി താഴ്ത്തി എന്നു പറയപ്പെടുന്ന വാമനനെ** ആരും എതിർക്കുന്നില്ല? ഈ കഥയിൽ പറയുന്നതുപോലെ ഒരാളെ ആർക്കും ഭൂമിയിലേക്ക് ചവിട്ടി താഴ്ത്താൻ കഴിയുകയില്ല എന്നത് ഏതൊരാൾക്കും (വിവരമുള്ള) അറിയാവുന്ന വസ്തുതയാണ്. മാവേലിയെ ചവിട്ടി താഴ്ത്താൻ അവതരിച്ചു എന്നു പറയപ്പെടുന്ന മഹാവിഷ്ണു ഇന്ന് ആദരിക്കപ്പെടുകയാണ് ചെയ്യുന്നത്.

ആര്യനാക്രമണം വെച്ചുനോക്കുമ്പോൾ ഇവിടെ നിലനിന്നിരുന്ന ദ്രാവിഡ ജനവിഭാഗത്തെ അഥവാ ആദിമനിവാസികളെ ആക്രമിക്കുകയും കീഴട ക്കുകയുമാണ് ചെയ്തത്. ആ നിലയ്ക്ക് ദ്രാവിഡനായ മാവേലിയെ ആര്യൻ സവർണ്ണ ഫാസിസ്റ്റുകൾ കൊലചെയ്യുകയും ഭൂമി പിടിച്ചെടുക്കുകയും ചെയ്തതായിരിക്കാം. ഒരു പക്ഷെ കൊന്നു കുഴിച്ചുമൂടിയിരിക്കാം- ഇതിനെ കെട്ടുകഥകളുടെ അടിസ്ഥാനത്തിൽ വളച്ചൊടിക്കുകയാണ് അവർ ചെയ്തിരിക്കുന്നത്.

മത്സ്യകൂർമ്മ വരാഹശ്ച:

നരസിംഹശ്ച വാമന:

രാമോരാമ രാമശ്ച:

കൃഷ്ണ: ഖഡ്ഗീത്യമീദശ:

**ഈ ശ്ലോകപ്രകാരം മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, രാമൻ, രാമൻ, രാമൻ, കൃഷ്ണൻ, കൽക്കി എന്നീ വിധമാണ്** അവതാരക്രമം. ഇതിൽ ആറാമത്തേത് പരശുരാമാവതാരവും ഏഴാമത്തേത് ശ്രീരാമാവതാരവും എട്ടാമത്തേത് ബലരാമാവതാരവുമാണ്. ഇതു പ്രകാരം ആറാമത്തെ അവതാരമായ പരശുരാമന് മുമ്പ് വാമനൻ അവതരിച്ചു എന്ന് അവർ സമ്മതിക്കുന്നു. പരശുരാമനാണ് കേരളം ഉണ്ടാക്കിയതെന്നും ഇവർ (കേരള സർക്കാരിൻെറ പാഠപുസ്തകത്തിൽ പോലും) വാദിക്കുന്നു. അങ്ങിനെ നോക്കുമ്പോൾ പരശുരാമൻ കേരളമുണ്ടാക്കുന്നതിനു മുമ്പ് എങ്ങിനെ വാമനൻ മാവേലിയെ കേരളത്തിൽ വെച്ച് ചവിട്ടി താഴ്ത്തും! അതോ അതിന് മുമ്പേ ഇവിടെ കേരളമുണ്ടായിരുന്നോ? ഈ രണ്ടു കഥകളും പ്രചരിപ്പിക്കുന്നത് ഒരേ വിഭാഗം ആളുകളാണ് എന്നുള്ളതാണ് അതിശയോക്തി. ഈ രണ്ട് ഐതിഹ്യങ്ങളെയും കൂടി താരമ്യം ചെയ്യുമ്പോൾ ഈ കള്ളക്കഥയിലെ പൊള്ളത്തരങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയും. യുക്തിക്ക് നിരക്കാത്ത സംഭവങ്ങളാണ് ഇവർ ഇതിലൂടെ പ്രചരിപ്പിക്കുന്നത്.

എന്തിനാണ് പരശുരാമകഥ പോലുള്ള ഐതിഹ്യങ്ങൾ കെട്ടിചമക്കപ്പെട്ടത്? ഈ ഭൂമിയുടെ ഉടമസ്ഥാവകാശം ബ്രാഹ്മണരിൽ നിക്ഷിപ്തമാക്കുവാൻ വേണ്ടിയാണ് ഇവ പ്രചരിക്കപ്പെട്ടത്. പരശുരാമ ഐതിഹ്യ പ്രകാരം രാമൻ മഴുവെറിഞ്ഞ

***പരശുരാമ ഐതിഹ്യ പ്രകാരം രാമൻ മഴുവെറിഞ്ഞ് നേടിയ ഭൂമി ബ്രാഹ്മണർക്ക് ദാനം ചെയ്തു എന്നാണ്. ഈ കഥ പ്രചരിക്കുന്നതിൽ സർക്കാരും പിന്നിലല്ല. കാരണം ഭരണതലം നിയന്ത്രിക്കുന്നത് ബ്രാഹ്മണരാണ്.***

നേടിയ ഭൂമി ബ്രാഹ്മണർക്കു ദാനം ചെയ്തു എന്നാണ്. ഈ കഥ പ്രചരിക്കുന്നതിൽ സർക്കാരും പിന്നിലല്ല. കാരണം ഭരണതലം നിയന്ത്രിക്കുന്നത് ബ്രാഹ്മണരാണ്. ഈ കഥ നിലനിൽക്കുന്നിടത്തോളം കാലം ഇവിടുത്തെ ഭൂമിപുത്രന്മാരായ, ആദിമ ജനവിഭാഗമായ ദലിതുകൾക്ക് തങ്ങളുടെ നഷ്ടപ്പെട്ടു പോയ ഭൂമിക്കു വേണ്ടി അവകാശവാദ മുന്നയിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഇത്തരം പൊള്ളത്തരങ്ങൾ തുറന്നു കാട്ടുകയെന്നത് ദളിതുകളുടെ ബാദ്ധ്യതയാണ്. ദളിതുകൾക്ക് തങ്ങളുടെ സംസ്കാരം നഷ്ടപ്പെ ട്ടിരിക്കുന്നു. മോഹൻജുദാരോ ഹാരപ്പൻ സംസ്കാരത്തെക്കുറിച്ച് നമുക്കറിയാം. കവികളും, കലാകാരന്മാരും, ശാസ്ത്രകാരന്മാരും നിറഞ്ഞ സമൂഹമായിരുന്നു ഇവർ. ഇവർക്കിടയിൽ ജാതിയോ മറ്റ് അസമത്വങ്ങളോ നിലനിന്നിരുന്നില്ല. ഇവരുടെ നഗരവൽക്കരണം ശ്രദ്ധിച്ചാൽ ചരിത്രം പഠിക്കുന്ന നമുക്ക് ഇവരുടെ സാംസ്കാരിക ഉന്നമനം മനസ്സിലാവുന്നതാണ്. എന്നാൽ ഇവയെല്ലാം തന്നെ ഇന്ത്യയിലേക്ക് കന്നുകാലികളെ മേച്ചുകൊണ്ട് കയറി വന്ന ആര്യന്മാർ തച്ചുതകർക്കുകയും അവരുടെ ഭൂമി പിടിച്ചടക്കുകയും ജാതിയുടെ പേരിൽ ഭിന്നിപ്പിച്ചു ഭരിക്കുകയുമാണുണ്ടായത്. ഇങ്ങിനെ നോക്കുമ്പോൾ ബ്രിട്ടീഷുകാർക്കുമുമ്പ് "ഭിന്നിപ്പിച്ചു ഭരിക്കൽ സമ്പ്രദായം" ആവിഷ്ക്കരിച്ചത് ആര്യന്മാരാണ് അഥവാ ബ്രാഹ്മണരാണ്. ഈ ചരിത്ര സത്യം മറച്ചുവെച്ചുകൊണ്ട് ഐതിഹ്യങ്ങളുടെ പിൻബലത്തിൽ ആധിപത്യം സ്ഥാപിക്കുകയാണ് ആര്യൻ സവർണ്ണ ഫാസിസ്റ്റുകൾ ചെയ്യുന്നത്. ഇങ്ങിനെ ആധിപത്യം സ്ഥാപിച്ച ഇവർ ഇവിടെ ഉണ്ടായിരുന്നവരെ തൊട്ടുകൂടാത്തവർ എന്നു മുദ്ര കുത്തുകയും വഴി നടക്കരുതെന്നും, വിദ്യ അഭ്യസിക്കരുതെന്നും, സ്വത്ത് സമ്പാദിക്കരുതെന്നും നിയമമുണ്ടാക്കി. അവക്കു പുറമെ "അയിത്തം" ഉണ്ടാക്കുകയും ചെയ്തു. ഇവയിൽ നിന്നെല്ലാം മനസ്സിലാവുന്നത് ഒരു കാലത്ത് ഇവർ സ്വത്ത് സമ്പാദിച്ചിരുന്നു എന്നും വിദ്യ അഭ്യസിച്ചിരുന്നു എന്നും മറ്റുമാണ്. കാരണം സ്വത്ത് സമ്പാദിക്കാതിരുന്ന ഒരു സമൂഹ മായിരുന്നു ഇവരെങ്കിൽ "സ്വത്ത് സമ്പാദിക്കരുത്" എന്ന ഒരു നിയമത്തിൻെറ ആവശ്യം വരുന്നില്ലല്ലോ. ഉദാഹരണത്തിന് മദ്യമുള്ളിടത്തേ മദ്യനിരോധന നിയമമുണ്ടാവുകയുള്ളൂ. അങ്ങിനെ നോക്കുമ്പോൾ ഇവർ ഭൂമിയുടെ ഉടമസ്ഥത ഉള്ള ആളുകളായിരുന്നു. അതുപോലെ ഇവരുടെ കയ്യിൽനിന്നും പിടിച്ചെടുത്ത ഭൂമിയിൽ ഇവർ വീണ്ടും പ്രവേശിക്കാതിരിക്കാൻ വേണ്ടി അയിത്തമുണ്ടാക്കുകയും അങ്ങനെ ആരെങ്കിലും പ്രവേശിച്ചാൽ അവരെ വധിക്കുകയും ചെയ്തിരിക്കണം. ഇവയിൽ നിന്നൊന്നും വ്യത്യസ്ഥമല്ല കേരളത്തിലും സംഭവിച്ചത്.



കേരളത്തിലെ ആദിമനിവാസികളിൽനിന്നും പിടിച്ചെടുത്ത ഭൂമി തിരികെ പോകാതിരിക്കാൻ വേണ്ടി പരശുരാമ ഐതിഹ്യം ഉണ്ടാക്കകയും ഭൂമി ബ്രാഹ്മണർക്ക് നൽകപ്പെട്ടു എന്ന് പ്രചരിപ്പി ക്കുകയുമാണ് ചെയ്തത്.

കേരളത്തിൻെറ ഭൂപ്രകൃതി നോക്കിയാൽ ഈ കഥക്ക് ഭൂമിശാസ്ത്രപരമായി യാതൊരു ബന്ധവുമില്ല എന്നു വ്യക്തമാണ്. ഇന്നത്തെ കൊടുങ്ങല്ലൂർ മുതൽ പുറക്കാട്ടുവരെ, അല്ലെങ്കിൽ കോഴിക്കോട് മുതൽ കൊല്ലം വരെയുള്ള തീരപ്രദേശം, തെക്കുമുതൽ വടക്കുവരെ നീണ്ടുകിടക്കുന്ന കായൽ ശൃംഖലയുടെ പടിഞ്ഞാറുഭാഗം തുടങ്ങിയവയുടെ ചില ഭാഗങ്ങൾ ഒരു പക്ഷെ കടലിനടിയിലാരുന്നിരിക്കാം. എന്നാൽ ഇവയൊഴിച്ച് മറ്റുഭാഗം കടലിലായിരുന്നു എന്നതിന് യാതൊരു തെളിവും തന്നെയില്ല. കുട്ടനാട്ടിൽപോലും ഇന്നു കുഴിച്ചുനോക്കിയാൽ കാണുന്നത് മണ്ണിൻെറ അടിയിൽ വൻ വൃക്ഷങ്ങളുടെ തടികളാണ്. കടലിൽ ഒരു കാലത്തും അത്തരം വൃക്ഷങ്ങൾ വളരുകയില്ലല്ലോ. ഇത് തെളിയിക്കുന്നത് ഒരു കാലത്ത് ഇവിടം വനമായിരുന്നു എന്നതാണ്. പിന്നീട് പ്രകൃതിക്ഷോഭം മൂലം മണ്ണിനടിയിൽ അകപ്പെടുകയാണുണ്ടായത്. ഇവർ പറയുന്നതുപോലെ ആരെങ്കിലുമൊരാൾ മഴുവെറിഞ്ഞാൽ കടൽ മാറി കരയാവുമോ? അങ്ങിനെയാണെങ്കിൽ ഇന്ന് വയനാടിൻെറ മണ്ണിൽ ആദിവാസി ഭൂപ്രശ്നം വളരെ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. എന്തുകൊണ്ട് ബ്രാഹ്മണ-സവർണ്ണ വിഭാഗങ്ങൾ ഇത്തരം മഴുവെറിഞ്ഞ് ഭൂമി ഉണ്ടാക്കികൊടുക്കുന്നില്ല. ഇത്തരം പൊള്ളത്തരങ്ങൾ അവസാനിപ്പിക്കേണ്ട കാലം എന്നോ അതിക്രമിച്ചിരിക്കുന്നു. ഇവർ പറയുന്ന പ്രകാരം പരശുരാമൻ ക്ഷത്രിയരെ മുഴുവൻ കൊന്നൊടുക്കിയിട്ടുണ്ട്. അങ്ങിനെ നോക്കുമ്പോൾ ക്ഷത്രിയ വിഭാഗം ഇന്ന് ഭൂമുഖത്ത് കാണരുതല്ലോ? ഇത്തരം കള്ളക്കഥകൾ പ്രചരിപ്പിക്കുന്നതിൽ സർക്കാർ പോലും പിറകോട്ടടിക്കാത്ത സാഹചര്യത്തിൽ യുവതലമുറ ചരിത്ര സത്യം മനസ്സിലാക്കേണ്ട കാലം അതിക്രമി ച്ചിരുക്കുന്നു.

●